# ഫോക്കസ് ഏരിയ സോഷ്യൽ സയൻസ്-2 SSLC-March-22

## സാമൂഹ്യ ശാസ്ത്രം-1

**ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ SS1-1**
അമേരിക്കൻ സ്വാതന്ത്ര്യ സമരം
ഫ്രഞ്ച് വിപ്ലവം
റഷ്യൻ വിപ്ലവം
**ലോകം ഇരുപതാം നൂറ്റാണ്ടിൽ സാമൂഹ്യശാസാത്രം1- പാഠം-2**
ഒന്നാം ലോക യുദ്ധം കാരണങ്ങൾ
മുസോളിനിയും ഫാഷിസവും
ഹിറ്റ്ലറും നാസിസവുംഇരു ചേരികൾക്കുമൊരു ബദൽ ചേരിചേരായ്മ
**പൊതുഭരണം SS1-3**
പൊതുഭരണം
പൊതുഭരണത്തിന്റെ പ്രാധാന്യം
ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ.
ഇന്ത്യൻ സിവിൽ സർവീസ്
**ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പും SS1-4**
ബ്രിട്ടീഷ് നയങ്ങളുടെ പ്രത്യാഘാതങ്ങൾ
കുറിച്യ കലാപം
1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരം കാരണങ്ങൾ
**സംസ്കാരവും ദേശീയതയും SS1-5**
വിദ്യാഭ്യാസം ദേശത്തിന്
ദേശീയത കലയിൽ
**സമരവും സ്വാതന്ത്ര്യവുംSS1-6**
ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ
നിസ്സഹകരണ സമരവും ഖിലാഫത്ത് സമരവും
പൂർണ്ണസ്വരാജും സിവിൽ നിയമ ലംഘനവും
ബ്രിട്ടീഷുകാർ ഇന്ത്യ വിടുക
**സ്വാതന്ത്ര്യാനന്തര-ഇന്ത്യ SS1-7**
നാട്ടുരാജ്യങ്ങളുടെ സംയോജനം
ഇന്ത്യയും ബഹിരാകാശ ഗവേഷണവും
വിദേശനയംപഞ്ചശീലതത്ത്വങ്ങൾ.
**കേരളംആധുനികതയിലേക്ക് -SS I-8**
ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകാല ചെറുത്ത് നിൽപ്പുകൾ-പഴശ്ശി കലാപം
പരിഷ്കരണപ്രസ്ഥാനങ്ങളും സാമൂഹികമാറ്റങ്ങളും
കേരളത്തിൽ സ്ത്രീകൾ നേതൃത്വം വഹിച്ച ദേശീയ സമരങ്ങൾ.
**രാഷ്ട്രവും-രാഷ്ട്രതന്ത്രശാസ്ത്രവും SS1-9**
രാഷ്ട്രത്തിന്റെ ചുമതലകൾ
രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ
പൗരത്വം
**പൗരബോധം SS1-10**
പൗരബോധം എങ്ങനെ വളർത്തിയെടുക്കാം
കുടുബം, വിദ്യാഭ്യാസം, സംഘടനകൾ, മാധ്യമങ്ങൾ
പൗരബോധം നേരിടുന്ന വെല്ലുവിളികള്

## സാമൂഹ്യ ശാസ്ത്രം-2

**ഋതുഭേദങ്ങളും സമയവും SS2-1**
സൂര്യന്റെ അയനവും ഋതുഭേദങ്ങളും
ഭൂമിയുടെ ഭ്രമണവും സമയനിർണയവും
ഗ്രീനിച്ച് സമയവും (GMT)സമയമേഖലയും
സ്റ്റാൻഡേർഡ് സമയം
ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം (IST)
അന്താരാഷ്ട്ര ദിനാങ്കരേഖ
**കാറ്റിന്റെ ഉറവിടം തേടി-SS2-2**
അന്തരീക്ഷമർദം -ഉയരവും അന്തരീക്ഷമർദവും -താപവും അന്തരീക്ഷമർദവും -ആർദ്രതയും അന്തരീക്ഷമർദവും
ആഗോള മർദമേഖലകൾ
ആഗോള വാതങ്ങൾ
**മാനവശേഷി വികസനം ഇന്ത്യയിൽ SS2-3**
വിദ്യാഭ്യസവും മാനവശേഷി വികസനവും
മാനവശേഷി വികസനവും ആരോഗ്യവും
**ഭൂതലവിശകലനംഭൂപടങ്ങളിലൂടെ SS2-4**
ധരാതലീയ ഭൂപടങ്ങൾ
ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ
ഗ്രിഡ് റഫറൻസ്
ഈസ്റ്റിങ്സ്
നോർത്തിങ്സ്
നാലക്ക ഗ്രിഡ് റഫറൻസ്
**പൊതു ചെലവും പൊതു വരുമാനവും SS2-5**
പൊതുവരുമാനം
എന്താണ് നികുതി (നികുതി വരുമാനം)
ഇന്ത്യയിലെ പ്രധാന പ്രത്യക്ഷ നികുതികൾ
ചരക്ക് സേവന നികുതി
വിവിധതരം ചരക്ക് സേവന നികുതികൾ
**ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും -SS2-6**
വിദൂര സംവേദനം
പ്ലാറ്റ്ഫോമിനെ അടിസ്ഥാനപ്പെടുത്തി വിദൂരസംവേദനത്തിന്റെ വർഗ്ഗീകരണം
ഭൂസ്ഥിര ഉപഗ്രഹങ്ങൾ
സൗരസ്ഥിര ഉപഗ്രഹങ്ങൾ
.ഭൂവിവരവ്യവസ്ഥയുടെ വിശകലന സാധ്യതകൾ -ഓവർലേ വിശകലനം -ആവൃത്തി വിശകലനം
**വൈവിധ്യങ്ങളുടെ ഇന്ത്യ SS2-7**
ഹിമവൽഭൂവിൽ
ഉത്തരപർവതമേഖല -ട്രാൻസ് ഹിമാലയൻ -ഹിമാലയം -കിഴക്കൻ മലനിരകൾ
ഹിമാലയൻ നദികൾ -ഉപദ്വീപിയ നദികൾ -ഇന്ത്യയുടെ തീരസമതലങ്ങൾ -പടിഞ്ഞാറൻ തീരസമതലം -കിഴക്കൻ തീരസമതലം -ഇന്ത്യയുടെ കാലാവസ്ഥ -തെക്കുപടിഞ്ഞാറൻ മൺസൂൺ കാലം -മൺസൂണിന്റെ പിൻവാങ്ങൽ കാലം
പർവ്വതം, നദികൾ, ഉപദ്വീപീയ പീഠഭൂമി (ഭൂപടം)
**ഇന്ത്യ സാമ്പത്തിക—ഭൂമിശാസ്ത്രം SS2-8**
ഇന്ത്യ കാർഷിക കാലങ്ങൾ
ഇന്ത്യയി ലെ ഭഷ്യവിളകൾ
ഗതാഗതം
ഇന്ത്യയിലെ ജലഗതാഗതം
ഇന്ത്യയിലെ തുറമുഖങ്ങൾ(ഭൂപടം)
**ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും SS2- 9**
ഭാരതീയ റിസർവ് ബാങ്ക്
റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ
വാണിജ്യ ബാങ്കുകളുടെ ധർമ്മങ്ങൾ
ബാങ്കിംഗ് രംഗത്തെ നൂതനപ്രവണതകൾ
**ഉപഭോക്താവ്സംതൃപ്തിയും സംരക്ഷണവുംSS2-10**
1986 -ലെ ഉപഭോക്തൃസംരക്ഷണ നിയമം
ഭരണതലെ സംവിധാനങ്ങൾ

# ഋതുഭേദങ്ങളും സമയവും SS2-1

## സൂര്യന്റെ അയനവും ഋതുഭേദങ്ങളും

-സൂര്യന്റെ അയനമാണ് ഭൂമിയിൽ ഋതുഭേദങ്ങൾക്ക് കാരണമാകുന്നത്.
-സൂര്യന്റെ അയനംമൂലം ഭൂമിയിൽ സൂര്യപ്രകാശം പതിക്കുന്നതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നു.
-വർഷത്തിൽ ഒരു പകുതിയിൽ ഉത്തരാർദ്ധഗോളത്തിൽലും മറുപകുതിയിൽ ദക്ഷിണാർദ്ധഗോളത്തിലും ആയിരിക്കും സൂര്യരശ്മികൾ ലംബമായി പതിക്കുന്നത്.
-സൂര്യരശ്മികൾ ലംബമായി പതിക്കുന്ന അർദ്ധഗോളത്തിൽ ചൂട് പൊതുവെ കൂടുതലായിരിക്കും, അവിടെ വേനൽക്കാലവും ആയിരിക്കും.
-സൂര്യരശ്മികൾ ചരിഞ്ഞ് പതിക്കുന്ന അർദ്ധഗോളത്തിൽ ചൂട് കുറവും അവിടെ ശൈത്യവും ആയിരിക്കും.
-എന്നാൽ വർഷം മുഴുവൻ ഉയർന്നതോതിൽ സൂര്യപ്രകാശം ലഭിക്കുന്ന ഉഷ്ണമേഖലാപ്രദേശങ്ങളിൽ ഋതുഭേദങ്ങൾ പ്രകടമായി അനുഭവപെടാറില്ല.
-നാലു ഋതുക്കളും കൃത്യമായി അനുഭവപ്പെടുന്നത് മധ്യ അക്ഷാംശങ്ങളിലാണ് (23 1/2 ഡിഗ്രിക്കും-66 1/2 ഡിഗ്രിക്കും ഇടയിൽ).

**സൂര്യന്റെ ആപേക്ഷിക ചലനവും ഋതുക്കളും**

| മാസം | സൂര്യന്റെ ആപേക്ഷിക ചലനം | ഋതു | |
|---|---|---|---|
| | | ഉത്തരാർദ്ധഗോളം | ദക്ഷിണാർദ്ധഗോളം |
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമധ്യരേഖയിൽ നിന്നും ഉത്തരായനരേഖയിലേക്ക് | വസന്തകാലം | ഹേമന്ത കാ |
| ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ | ഉത്തരായനരേഖയി നിന്നും ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മ കാലം | ശൈത്യകാലം |
| സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | ഭൂമധ്യരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേക്ക് | ഹേമന്ത കാലം | വസന്തകാലം |
| ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ദക്ഷിണായനരേഖയി നിന്നും ഭൂമധ്യരേഖയിലേക്ക് | ശൈത്യകാലം | ഗ്രീഷ്മ കാലം |

**ഗ്രീഷ്മ അയനാന്തം**

-മാർച്ച് 21 മുതൽ ഭൂമദ്ധ്യരേഖയിൽ നിന്നും വടക്കോട്ട് അയനം ചെയ്യുന്ന സൂര്യൻ ജൂൺ 21 ഇന്ന് ഉത്തരായന രേഖക്ക് നേർ മുകളിൽ എത്തുന്നു.
-ഈ ദിനത്തെ (ജൂൺ 21നെ) ഉത്തരാർദ്ധഗോളത്തിൽ ഗ്രീഷ്മ അയനാന്തദിനം എന്ന് വിളിക്കുന്നു.
-ഗ്രീഷ്മ അയനാന്ത ദിനത്തിൽ ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും, ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു.

**ജൂൺ 21 ന് ദക്ഷിണാർദ്ധഗോളത്തിൽ രാത്രി പകലുകൾക്കുള്ള പ്രത്യേകത?**

-രാത്രിയുടെ ദൈർഘ്യം കൂടുതലും, പകലിന്റെ ദൈർഘ്യം കുറവും ആയിരിക്കും.

**ഡിസംബർ 22 ന് ദക്ഷിണാർധഗോളത്തിലെ രാത്രി പകലുകൾക്ക് എന്ത് പ്രത്യേകതയാണുള്ളത്?**

-രാത്രിയുടെ ദൈർഘ്യം കുറവ്, പകലിന് ദൈർഘ്യം കൂടുതൽ.

**വിഷുവങ്ങൾ**

-സൂര്യൻ ഭൂമധ്യരേഖക്ക് നേർമുകളിൽ ആയിരിക്കുമ്പോൾ ഉത്തരാർദ്ധഗോളത്തിലും ദക്ഷിണാർദ്ധ ഗോളത്തിലും തുല്യ അളവിൽ സൂര്യപ്രകാശം ലഭിക്കുന്നു.
-മാർച്ച് 21 സെപ്റ്റംബർ 23 എന്നീ ദിനങ്ങളിലാണ് സൂര്യന്റെ ആപേക്ഷിക സ്ഥാനം ഭൂമധ്യരേഖയ്ക്ക് നേർമുകളിൽ വരുന്നത്.
-ഈ ദിനങ്ങളിൽ രണ്ട് അർദ്ധ ഗോളങ്ങളിലും രാത്രിയുടെയും പകലിന്റെയും ദൈർഘ്യം തുല്യമായിരിക്കും.
-ഈ ദിവസങ്ങളെ സമരാത്ര ദിനങ്ങൾ അഥവാ വിഷുവങ്ങൾ എന്ന് വിളിക്കുന്നു.

**വസന്തകാലം**

-മാർച്ച് 21 മുതൽ ജൂൺ 21 വരെ സൂര്യൻ ഭൂമദ്ധ്യരേഖയിൽ നിന്നും ഉത്തരായനരേഖ യിലേക്ക് യാത്ര ചെയ്യുന്നു.
-ഈ കാലയളവിലാണ് ഉത്തരാർദ്ധഗോളത്തിൽ വസന്തകാലം അനുഭവപ്പെടുന്നത്.
-ശൈത്യകാലത്തിൽ നിന്ന് വേനൽക്കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് വസന്തം.

**വസന്തകാലത്തിലെ സവിശേഷതകൾ?**
-ചെടികൾ തളിർക്കുന്നു, പുഷ്പിക്കുന്നു.
-മാവ് പൂക്കുന്നു, പ്ലാവിൽ ചക്ക ഉണ്ടാവുന്നു.

**ഉത്തരാർദ്ധഗോളത്തിൽ വസന്തകാലം ആയിരിക്കുമ്പോൾ ദക്ഷിണാർദ്ധഗോളത്തിൽ ഏത് കാലമായിരിക്കും?**
-ഹേമന്തകാലം.

**ഗ്രീഷ്മകാലം**
-ജൂൺ 21 സൂര്യൻ ഉത്തരായനരേഖ യിൽ നിന്ന് തെക്കോട്ട് അയനം ചെയ്ത് സെപ്റ്റംബർ 23 ന് ഭൂമധ്യരേഖയിലെത്തുന്നു.
-ഈ കാലയളവിലാണ് ഉത്തരാർദ്ധഗോളത്തിൽ വേനൽക്കാലം (ഗ്രീഷ്മകാലം) അനുഭവപ്പെടുന്നത്.

**വേനൽക്കാലത്ത് (ഗ്രീഷ്മകാലം)പരിസ്ഥിതിയിലുണ്ടാവുന്ന മാറ്റങ്ങൾ എന്തെല്ലാം?**
-അന്തരീക്ഷ താപം വർദ്ധിക്കുന്നു. -ജലാശയങ്ങൾ വറ്റുന്നു. -വരൾച്ച അനുഭവപെടുന്നു. -ജലക്ഷാമം അനുഭവപ്പെടുന്നു.

**ഹേമന്തകാലം**
-സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെയാണ് ഉത്തരാർദ്ധഗോളത്തിൽ ഹേമന്ത കാലം.
-സൂര്യൻ ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണായനരേഖയിലേക്ക് അയനം ചെയ്യുന്ന കാലമാണിത്.
-വേനൽ കാലത്തിന്റെ തീക്ഷ്ണതയിൽ നിന്ന് ശൈത്യകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് ഹേമന്തം
-പകലിന്റെ ദൈർഘ്യം കുറഞ്ഞ് വരികയും രാത്രിയുടെ ദൈർഘ്യം കൂടി വരികയും ചെയ്യുന്നു.
-വരാനിരിക്കുന്ന ശൈത്യകാലത്തെ അതിജീവിക്കാൻ മരങ്ങൾ ഇലപൊഴിക്കുന്നു.

**ശൈത്യകാലം**
-സൂര്യൻ ദക്ഷിണായനരേഖയിൽ നിന്നും ഭൂമധ്യരേഖയിലേക്ക് സഞ്ചരിക്കുന്ന കാലത്തിലാണ് ഉത്തരാർദ്ധഗോളത്തിൽ ശൈത്യകാലം.
-ഡിസംബർ 22 മുതൽ മാർച്ച് 21 വരെയാണ് ഉത്തരാർദ്ധഗോളത്തിൽ ശൈത്യകാലം.

**സവിശേഷതകൾ**
-തണുപ്പ് വർദ്ധിക്കുന്നു.
-മഞ്ഞ് വീഴ്ച്ചയുണ്ടാവുന്നു.

**ശൈത്യ അയനാന്തം**
**-**സെപ്റ്റംബർ **23** മുതൽ സൂര്യൻ ഭൂമധ്യരേഖയിൽ നിന്ന് തെക്കോട്ട് അയനം ചെയ്ത് ഡിസംബർ **22** ന് ദക്ഷിണായന രേഖക്ക് നേർമുകളിൽ എത്തുന്നു.
**-**ഈ ദിവസത്തെ (സെപ്റ്റംബർ **23** നെ) ഉത്തരാർദ്ധഗോളത്തിൽ ശൈത്യ അയനാന്ത ദിനം എന്ന് വിളിക്കുന്നു.
**-**ഈ ദിവസത്തിൽ ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ഹ്രസ്വമായ പകലും, ഏറ്റവും ദൈർഘ്യമുള്ള രാത്രിയും അനുഭവപ്പെടുന്നു.

**ഡിസംബർ 22 ന് (ശൈത്യ അയനാന്തം)ദക്ഷിണാർധഗോളത്തിലെ രാത്രി പകലുകൾക്ക് എന്ത് പ്രത്യേകതയാണുള്ളത്?**
രാത്രിയുടെ ദൈർഘ്യം കുറവ്,
പകലിന് ദൈർഘ്യം കൂടുതൽ.

## ഭ്രമണവും സമയനിർണയവും

**പ്രാദേശിക സമയം**
-ഒരു പ്രദേശത്തെ സൂര്യന്റെ ഉച്ചസ്ഥാനത്തെ അടിസ്ഥാനമാക്കി നിർണയിക്കുന്ന സമയമാണ് പ്രാദേശിക സമയം.
-സൂര്യൻ തലയ്ക്കുമുകളിൽ എത്തുന്ന ഉച്ചയ്ക്ക് 12:00 മണി ആയിരിക്കും.
-ആദ്യകാലങ്ങളിൽ ഒരു പ്രദേശത്തെ സൂര്യന്റെ ഉച്ചസ്ഥാനവും, സൂര്യപ്രകാശം സൃഷ്ടിക്കുന്ന നിഴലും അടിസ്ഥാനമാക്കി ആയിരുന്നു സമയം നിർണയിച്ചിരുന്നത്.

**ഒരു രാജ്യത്ത് നിരവധി പ്രാദേശിക സമയങ്ങൾ ഉണ്ടായാൽ അത് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ എന്തെല്ലാം?**
-രാജ്യത്ത് ഉടനീളം ബാധകമാകുന്ന തീവണ്ടി സമയക്രമം തയ്യാറാക്കാൻ കഴിയില്ല.
-റേഡിയോ പരിപാടികളെക്കുറിച്ചുള്ള അറിയിപ്പ് നൽകാൻ കഴിയില്ല.
-രാജ്യത്ത് എല്ലായിടത്തും ഒരേ ചോദ്യപേപ്പർ ഉപയോഗിച്ച് ഒരേസമയം പരീക്ഷകൾ നടത്താൻ കഴിയില്ല.

**ഭൂമിയുടെ ഭ്രമണവും സമയനിർണയവും**
- ഭൂമി സ്വന്തം അച്ചുതണ്ട് ആധാരമാക്കി ഭ്രമണം ചെയ്യുന്നതിന്റെ ഫലമായാണ് രാത്രിയും പകലും ഉണ്ടാകുന്നത്.
- ഭൂമി ഭ്രമണം ചെയ്യുന്നത് പടിഞ്ഞാറുനിന്ന് കിഴക്കോട്ട് ആണ്.
- ഒരു ഭ്രമണം പൂർത്തിയാക്കാൻ 24 മണിക്കൂർ എടുക്കുന്നു.
- ഭ്രമണം പടിഞ്ഞാറു നിന്നു കിഴക്കോട്ട് ആയതിനാൽ സൂര്യോദയം കിഴക്കുനിന്ന് ആയിരിക്കും.

BIJU K.K. HSA SOCIAL SCIENCE, GHS TUVVUR

**ഇന്ത്യയിൽ സൂര്യനെ ആദ്യം കാണുന്നത് ഏതു സംസ്ഥാനത്ത് ഉള്ളവരായിരിക്കും?**
- അരുണാചൽ പ്രദേശ്

## ഗ്രീനിച്ച് സമയവും (GMT)സമയമേഖലയും

-പൂജ്യം ഡിഗ്രി രേഖാംശ രേഖ ഗ്രീനിച്ച് രേഖ എന്നറിയപ്പെടുന്നു.
-ഈ രേഖ ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരീക്ഷണ ശാല സ്ഥിതി ചെയ്യുന്ന ഗ്രീനിച്ച് എന്ന സ്ഥലത്ത് കൂടി പോകുന്നതിനാൽ ആണ് ഗ്രീനിച്ച് രേഖ എന്നറിയപ്പെടുന്നത്.
-ഗ്രീനിച്ച് രേഖ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയംനിർണയിക്കപ്പെടുന്നത്.
-അതിനാൽ ഗ്രീനിച്ച് രേഖയെ പ്രൈം മെറിഡിയൻ എന്ന് വിളിക്കുന്നു.
-ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയത്തെ ഗ്രീനിച്ച് സമയം എന്ന് പറയുന്നു.
-ഗ്രീനിച്ച് രേഖ അടിസ്ഥാനമാക്കി ഒരു മണിക്കൂർ വീതം സമയ വ്യത്യാസം ഉള്ള 24 സമയ മേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു.
-ഇവ സമയമേഖലകൾ എന്നറിയപ്പെടുന്നു.

**ഓരോ സമയമേഖലയുടെയും രേഖാംശീയ വ്യാപ്തി എത്ര?**
- 15°

## സ്റ്റാൻഡേർഡ് സമയം

-വിവിധ രേഖാംശങ്ങളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ അതാതിടങ്ങളിലെ പ്രാദേശികസമയം പരിഗണിച്ചാൽ അത് പല അവസരങ്ങളിലും ആശയക്കുഴപ്പമുണ്ടാക്കും.
-ഇത് പരിഹരിക്കാൻ രാജ്യത്തിന്റെ കേന്ദ്രഭാഗത്ത് കൂടി കടന്നുപോകുന്ന രേഖാംശത്തിലെ പ്രാദേശിക സമയത്തെ രാജ്യത്തെ മുഴുവൻ പൊതു സമയമായി കണക്കാക്കുന്നു.
-രാജ്യത്തിന്റെ ഏറെക്കുറെ മദ്ധ്യത്തിലൂടെ കടന്നു പോകുന്ന രേഖാംശരേഖ മാനകരേഖാംശമായി (സ്റ്റാൻഡേർഡ് മെറിഡിയൻ) പരിഗണിക്കുന്നു.
-മാനക രേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനക സമയം(സ്റ്റാൻഡേർഡ് സമയം).

## ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം (IST)

-പൂർവ്വരേഖാംശം 68 ഡിഗ്രി മുതൽ സെക്സ് 97 ഡിഗ്രി വരെയാണ് ഇന്ത്യയുടെ രേഖാംശീയ വ്യാപ്തി.
-ഇന്ത്യയുടെ ഏകദേശം മധ്യത്തായി സ്ഥിതിചെയ്യുന്ന 82 1/2 ഡിഗ്രി പൂർവ രേഖാംശത്തെയാണ് ഇന്ത്യയുടെ മാനകരേഖാംശമായി കണക്കാക്കുന്നത്.
-ഈ രേഖാംശത്തിലെ പ്രാദേശിക സമയമാണ് ഇന്ത്യയിലെ പൊതുവായ സമയം
-ഇതിനെ ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം എന്ന് വിളിക്കുന്നു.

**ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്ത് നിന്നും എത്ര വ്യത്യാസപ്പെട്ടിരിക്കുന്നു.**
-5.30 മണിക്കൂർ കൂടുതൽ ആയിരിക്കും.

## അന്താരാഷ്ട്ര ദിനാങ്കരേഖ

-180 ഡിഗ്രി രേഖാംശ രേഖയെയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ എന്ന് പറയുന്നത്.
-ഈ രേഖയ്ക്ക് പടിഞ്ഞാറ് 24 മണിക്കൂർ കൂടുതലും കിഴക്ക് 24 മണിക്കൂർ കുറവും ആയിരിക്കും.
-അതായത് ഈ രേഖക്ക് പടിഞ്ഞാറുഭാഗത്ത് വെള്ളി ആണെങ്കിൽ കിഴക്കുഭാഗത്ത് വ്യാഴം ആയിരിക്കും.
-ഒരു രാജ്യത്തിന്റെ മധ്യത്തിലൂടെ ഈ രേഖ കടന്നു പോകുമ്പോൾ ദിവസങ്ങളിൽ ഉണ്ടാകുന്ന വ്യത്യാസം പരിഹരിക്കുന്നതിനുവേണ്ടി കര ഭാഗത്തെ ഒഴിവാക്കി കടലിലൂടെ വളച്ചാണ് വരച്ചിരിക്കുന്നത്.
-പസഫിക് സമുദ്രത്തിലെ ബെറിങ് കടലിടുക്കിലൂടെ ആണ് അന്താരാഷ്ട്ര ദിനാങ്കരേഖ കടന്നുപോകുന്നത്.
-ഈ രേഖ മുറിച്ചുകടന്ന് പടിഞ്ഞാറോട്ട് സഞ്ചരിക്കുന്ന ഒരാൾ കലണ്ടറിൽ ഒരുദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# കാറ്റിന്റെ ഉറവിടം തേടി-SS2-2

## അന്തരീക്ഷമർദം

- ഭൗമോപരിതലത്തിൽ അന്തരീക്ഷവായു ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷ മർദം.
- അന്തരീക്ഷമർദത്തിലുണ്ടാവുന്ന വ്യതിയാനങ്ങളാണ് കാറ്റുകൾ ഉണ്ടാക്കുന്നതിന് കാരണം.

**അന്തരീക്ഷമർദത്തിലെ വ്യതിയാനങ്ങൾ**

- ഒരു ചതുരശ്ര സെന്റിമീറ്ററിന് 1034 മില്ലിഗ്രാം എന്ന തോതിലാണ് ഭൗമോപരിലത്തിൽ വായു ചെലുത്തുന്ന ശരാശരി ഭാരം.
- അന്തരീക്ഷമർദം അളക്കുന്നതിനുള്ള ഉപകരണം രസബാരോ മീറ്ററാണ്.
- അന്തരീക്ഷമർദ്ദം അളക്കുന്നതിനുള്ള ഏകകം മില്ലിബാർ(mb), ഹെക്ടോ പാസ്കൽ എന്നിവയാണ്.
- ശരാശരി അന്തരീക്ഷമർദത്തിൽ രസബാരോ മീറ്ററിൽ രസ നിരപ്പ് 76.cm ആയിരിക്കും.
- അപ്പോഴത്തെ അന്തരീക്ഷ മർദം 1013.2 മില്ലി ബാർ അഥവാ 1013.2 ഹെക്ടോ പാസ്കൽ ആണ്.

**അന്തരീക്ഷമർദത്തെ സ്വാദീനിക്കുന്ന ഘടകങ്ങൾ**

- പ്രദേശത്തിന്റെ ഉയരം,
- ആർദ്രത,
- താപം
- പ്രദേശത്തിന്റെ ഉയരം, അന്തരീക്ഷത്തിലെ ആർദ്രത, താപം എന്നിവയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുമ്പോൾ അന്തരീക്ഷമർദ്ദത്തിൽ വ്യത്യാസമുണ്ടാകുന്നു.

## ഉയരവും അന്തരീക്ഷമർദവും

- ഉയരം കൂടുന്നതിനനുസരിച്ച് അന്തരീക്ഷമർദ്ദം കുറയുന്നു.
- ഉയരം കൂടുന്നതിനനുസരിച്ച് വായുവിന്റെ അളവ് കുറയുന്നതുകൊണ്ടാണ് മർദം കുറയുന്നത്.
- ഓരോ 10 മീറ്റർ ഉയരത്തിനും 1 മില്ലി ബാർ എന്ന തോതിൽ മർദം കുറയുന്നു.
- ഉയരവും അന്തരീക്ഷമർദവും വിപരീത അനുപാതത്തിലാണ്.

## താപവും അന്തരീക്ഷമർദവും

- വായുവിന് ചൂടേൽക്കുമ്പോൾ വികസിച്ച് സാന്ദ്രത കുറഞ്ഞ് മുകളിലേക്ക് പോകുന്നു.
- ഇത് വായുമർദം കുറയുന്നതിന് കാരണമാകുന്നു.
- താപവും അന്തരീക്ഷമർദവും വിപരീതാനുപാതത്തിലാണ്.
- പകൽ സൂര്യന്റെ ചൂടേറ്റ് വായു ഉയർന്ന് പോകുന്നതു കൊണ്ട് മർദം കുറയുന്നു.
- എന്നാൽ രാത്രി സൂര്യതാപം ഇല്ലാത്തതിനാൽ അന്തരീക്ഷ മർദം കൂടുന്നു.

## ആർദ്രതയും അന്തരീക്ഷമർദവും

- അന്തരീക്ഷ വായുവിലെ ജലാംശത്തിന്റെ (നീരാവിയുടെ)അളവാണ് ആർദ്രത.
- നീരാവിക്ക് വായുവിനെക്കാൾ ഭാരം കുറവാണ്.
- അന്തരീക്ഷവായുവിൽ നീരാവിയുടെ അളവ് കൂടുതലാണെങ്കിൽ മർദം കുറയുന്നു.
- സൂര്യതാപം ധാരാളം ലഭിക്കുന്ന സമുദ്രതീരങ്ങളിൽ അർദ്രത കൂടുതലും മർദ്ദം കുറവുമായിരിക്കും.
- സമുദ്രതീരത്തു നിന്നും ദൂരെ സ്ഥിതിചെയ്യുന്നസ്ഥലങ്ങളിൽ ആർദ്രത കുറവും മർദംകൂടുതലുമായിരിക്കും.
- അർദ്രതയും അന്തരീക്ഷ മർദ്ദവും തമ്മിൽ വിപരീത അനുപാതത്തിലാണ്

.

**ഉച്ചമർദമേഖലയും(H), ന്യൂനമർദമേഖലയും (L)**

- ചുറ്റുപാടുകളെ അപേക്ഷിച്ച് ഒരു പ്രദേശത്ത് മർദം കൂടുതലാണെങ്കിൽ അവിടെ ഉച്ചമർദമേഖല(H) എന്നും മർദ്ദം കുറവാണെങ്കിൽ ന്യൂനമർദമേഖല(L)എന്നും അറിയപ്പെടുന്നു.

**സമമർദരേഖകൾ (Isobars)**

- ഒരേ അന്തരീക്ഷമർദമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ച കൊണ്ട് വരയ്ക്കുന്ന സാങ്കൽപ്പിക രേഖകളാണ് സമമർദരേഖകൾ
- സമമർദ രേഖകൾ നിരീക്ഷിച്ചാൽ ഏതൊരു പ്രദേശത്തെയും അന്തരീക്ഷ മർദത്തിന്റെ വിതരണക്രമം അനായാസം മനസിലാക്കാം.

## ആഗോള മർദമേഖലകൾ

-ചില അക്ഷാംശങ്ങൾക്കിടയിൽ അന്തരീക്ഷമർദം ഏറെക്കുറെ ഒരു പോലെയാണ്.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

- ഇതിന്റെ അടിസ്ഥാനത്തിൽ ഭൗമോപരിതലത്തെ വിവിധ മർദമേഖലകളായി തിരിച്ചിരിക്കുന്നു.
- മധ്യരേഖ ന്യൂനമർദ്ദ മേഖല 0°
- ഉപോഷണ ഉച്ചമർദ മേഖല. 30°N, 30°S
- ഉപധ്രുവീയ ന്യൂനമർദമേഖല 60°N, 60°S
- ധ്രുവീയ ഉച്ചമർദ്ദം മേഖല- 90°N, 90°S ഇവയെ ആഗോള മർദ്ദമേഖലകൾ എന്നറിയപ്പെടുന്നു.

**മധ്യരേഖാ ന്യൂനമർദമേഖല**

- വർഷം മുഴുവൻ സൂര്യരശ്മികൾ ലംബമായി പതിക്കുന്ന മേഖല.
- ചൂട് കൂടുതലായതിനാൽ വായു വികസിച്ച് മകളിലേക്ക് ഉയരുന്നതിനാൽ ന്യൂനമർദം അനുഭവപ്പെടുന്നു.
- മധ്യരേഖയ്ക്ക് തെക്ക് 5° മുതൽ വടക്ക് 5° വരെ അക്ഷാംശങ്ങളിൽ സ്ഥിതി ചെയ്യുന്നു.
- വായു ചൂടുപിടിച്ച് മുകളിലേക്ക് ഉയർന്നു പോകുന്നതിനാൽ ഈ മേഖലയിൽ കാറ്റ് അനുഭവപ്പെടുന്നില്ല.
- അതിനാൽ കാറ്റുകളില്ലാത്ത മേഖല എന്നർത്ഥത്തിൽ 'നിർവാത മേഖല' (Doldram) എന്നും അറിയപ്പെടുന്നു.
- കാറ്റില്ലാത്തതിനാൽ പായകപ്പലുകളിൽ സഞ്ചരിച്ചിരുന്ന യാത്രികർക്ക് ഈ മേഖല പേടി സ്വപ്നമായിരുന്നു.

**ഉപോഷണ ഉച്ചമർദമേഖല**

- രണ്ട് അർധഗോളങ്ങളിലും 30° അക്ഷാംശങ്ങളിലാണ് ഈ മേഖല സ്ഥിതിചെയ്യുന്നത്.
- മധ്യരേഖാ പ്രദേശത്തു നിന്നു ചൂടുപിടിച്ച് ഉയരുന്ന വായു ക്രമേണ തണുത്ത് ഭ്രഭ്രമണത്തിന്റെ സ്വാധീനത്താൽ 30° അക്ഷാംശങ്ങളിലേയ്ക്ക് താഴുന്നു.
- അങ്ങനെ അവിടെ ഉച്ചമർദമേഖലയായി മാറുന്നു.

**ഉപധ്രുവീയ ന്യൂനമർദമേഖല**

- ധ്രുവത്തോട് ഏറെ അടുത്തായതിനാൽ ഈ മേഖലയിൽ വായുവിന് തണുപ്പ് കൂടുതലാണ്.
- എന്നാൽ ഭ്രമിയുടെ ഭ്രമണം മൂലം ഈ മേഖലയിലെ വായു ശക്തമായി ചുഴറ്റി എറിയപ്പെടുന്നതിനാൽ ഇവിടം ന്യൂനമർദമേഖലയായി സ്ഥിതി ചെയ്യുന്നു.

**ധ്രുവീയ ഉച്ചമർദ്ദമേഖല**

- വർഷം മുഴുവൻ കൊടും തണുപ്പനുഭവപ്പെടുന്ന മേഖലയാണിത്.
- തണുപ്പായതിനാൽ തന്നെ ഇവിടം ഉച്ചമർദമേഖലയായിരിക്കും.
- സൗരോർജ ലഭ്യതയിലെ ഏറ്റക്കുറച്ചിലുകളും ഭ്രമിയുടെ ഭ്രമണവുമാണ് വിവിധ മർദ്ദമേഖലകളുടെ രൂപീകരണത്തിന് കാരണം.

**മർദമേഖലകളും കാറ്റുകളും**

- ആഗോളതലത്തിൽ വിവിധ അക്ഷാംശ മേഖലകൾ തമ്മിൽ മർദ്ദവ്യത്യസങ്ങളുണ്ട്.
- ഈ മർദവ്യത്യാസങ്ങൾ കാറ്റുകൾ രൂപം കൊള്ളുന്നതിന് കാരണമാകുന്നു.
- കാറ്റുകൾ ഉച്ചമർദമേഖലയിൽ നിന്ന് ന്യൂനമർദമേഖലയിലേയ്ക്കാണ് വീശുന്നത്.
- ആഗോള മർദമേഖലകൾക്കിടയിൽ വീശുന്ന കാറ്റുകളെ ആഗോള വാതങ്ങൾ എന്നു വിളിക്കുന്നു.

## ആഗോള വാതങ്ങൾ

- വാണിജ്യ വാതങ്ങൾ
- പശ്ചിമ വാതങ്ങൾ
- ധ്രുവീയപൂർവവാതങ്ങൾ

**വാണിജ്യവാതങ്ങൾ**

-രണ്ട് അർധഗോളങ്ങളിലെയും ഉപോഷ്ണ ഉച്ചമർദ്ദമേഖലകളിൽ നിന്നും മധ്യരേഖാ ന്യൂനമർദ്ദമേഖലയിലേക്കു നിരന്തരം വീശുന്ന കാറ്റുകളാണ് വാണിജ്യ വാതങ്ങൾ.

-(30°N, 30°S അക്ഷാംശങ്ങളിൽനിന്നും 0° അക്ഷാംശത്തിലേയ്ക്ക് വീശുന്ന കാറ്റാണ് ഇത്).

-ഉത്തരാർധഗോളത്തിൽ വടക്കു കിഴക്കുനിന്നും വീശുന്നതിനാൽ ഈ കാറ്റ് വടക്കുകിഴക്കൻ വാണിജ്യ വാതമെന്ന് അറിയപ്പെടുന്നു.

-ദക്ഷിണാർധഗോളത്തിൽ തെക്കു കിഴക്കുനിന്നും വീശുന്നതിനാൽ ഈ കാറ്റ് തെക്കുകിഴക്കൻ വാണിജ്യ വാതമെന്ന് അറിയപ്പെടുന്നു.

-ഇരു അർധഗോളങ്ങളിൽ നിന്നും വീശുന്ന വാണിജ്യ വാതങ്ങൾ കൂടി ചേരുന്ന മധ്യരേഖാ ന്യൂനമർദ്ദമേഖല ഇന്റർ ട്രോപ്പിക്കൽ കൺവർജൻസ് സോൺ (ITCZ) അഥവാ അന്തർ ഉഷ്ണമേഖലാ സംക്രമണ മേഖല എന്നറിയപ്പെടുന്നു.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**വാണിജ്യ വാതങ്ങൾ തെക്കുകിഴക്ക്, വടക്കുകിഴക്ക് ദിശകളിൽ നിന്നും വീശാൻ കാരണമെന്ത്?**

-കാറ്റുകൾക്ക് ഭ്രമിയുടെ ഭ്രമണം നിമിത്തം (കോറിയോലിസ് ബലം മൂലം)സഞ്ചാര ദിശയ്ക്ക് വ്യതിയാനം സംഭവിക്കുന്നു.
-ഉത്തരാർധഗോളത്തിൽ വാണിജ്യ വാതങ്ങൾ വലത്തോട്ട് ദിശമാറുന്നതിനാൽ വടക്ക് കിഴക്ക് ദിശയിൽ വീശുന്നു.
-ദക്ഷിണാർധഗോളത്തിൽ വാണിജ്യ വാതങ്ങൾ ഇടത്തോട്ട് ദിശമാറുന്നതിനാൽ തെക്ക് കിഴക്ക് ദിശയിൽ വീശുന്നു.

**പശ്ചിമ വാതങ്ങൾ**
- രണ്ട് അർധഗോളത്തിലും ഉപോഷ്ണ ഉച്ചമർദ മേഖലയിൽ നിന്നും (30° അക്ഷാംശങ്ങളിൽ നിന്നും) ഉപധ്രുവീയ ന്യൂനമർദ്ദമേഖലകളിലേക്ക് (60° അക്ഷാംശങ്ങളിലേയ്ക്ക്) വീശുന്ന കാറ്റുകളാണ് പശ്ചിമ വാതങ്ങൾ.
- കാറ്റിന്റെ ദിശ ഏറെക്കുറെ പടിഞ്ഞാറുനിന്നായതുകൊണ്ട് ഇവയെ പശ്ചിമവാതങ്ങളെന്നു വിളിക്കുന്നു.
- ഭ്രഖണ്ഡങ്ങൾ കുറവായതിനാൽ ദക്ഷിണാർധ ഗോളത്തിലാണ് പശ്ചിമ വാതങ്ങൾ വേഗത്തിലും കൃത്യമായും വീശുന്നത്.
- ദക്ഷിണാർധഗോളത്തിലെ വിശാലമായ സമുദ്രങ്ങളിലൂടെ ആഞ്ഞുവീശുന്ന പശ്ചിമ വാതങ്ങളെ
'റോറിംഗ് ഫോർട്ടീസ് ' (40° തെക്ക് അക്ഷംശങ്ങളിൽ),
'ഫ്യൂരിയസ് ഫിഫ്റ്റീസ് '(50° തെക്ക് അക്ഷാംശങ്ങളിൽ),
'ഷ്റീക്കിംഗ് സിക്സ്റ്റീസ് '(60° തെക്ക് അക്ഷാംശങ്ങളിൽ) എന്നിങ്ങനെയാണ് പഴയ കാല നാവികർ വിളിച്ചത്.

**ധ്രുവീയപൂർവവാതങ്ങൾ**
-ധ്രുവീയ ഉചമർദമേഖലയിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ മേഖലയിലേയ്ക്ക് വീശുന്ന കാറ്റുകളാണ് ധ്രുവീയവാതങ്ങൾ.
-കോറിയോലിസ് ബലം നിമിത്തം ഇവ രണ്ട് അർധഗോളങ്ങളിലും കിഴക്കുദിശയിൽനിന്നുമാണ് വീശുന്നത്.
-അതിനാൽ ഇവ ധ്രുവിയ പൂർവ്വവാതങ്ങൾ എന്നറിയപ്പെടുന്നു.
-വടക്കേ അമേരിക്ക, വടക്കൻ യൂറോപ്യൻ രാജ്യങ്ങൾ റഷ്യ എന്നീ മേഖലകളിലെ കാലാവസ്ഥ നിർണയിക്കുന്നതിൽ ഈ കാറ്റുകൾക്ക് ഗണ്യമായ പങ്കുണ്ട്.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# മാനവശേഷി വികസനം ഇന്ത്യയിൽ SS2-3

## മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ

**അധ്വാനശേഷിയെ മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ എന്തെല്ലാം?**
-വിദ്യാഭ്യാസം
-ആരോഗ്യ പരിപാലനം
-പരിശീലനങ്ങൾ
-സാമൂഹിക മൂലധനം

## വിദ്യാഭ്യസവും മാനവശേഷി വികസനനവും

**വിദ്യാഭ്യസം എങ്ങനെ രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നു? ഫ്ലോചാർട്ട്**
വിദ്യാഭ്യാസം
വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.
സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു.
മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു
ജീവിത നിലവാരം ഉയരുന്നു.

**2011 ലെ സെൻസസ് അനുസരിച്ച് ഇന്ത്യയുടെ സാക്ഷരതാ നിരക്ക്**
-സ്ത്രീകൾ (Female) - 65.46%
-പുരുഷൻമാർ (Male) - 82.14%
-ആകെ (Total) - 74.04%
**എന്താണ് സാക്ഷരതാ നിരക്ക്?**
-ജനസംഖ്യയിൽ 100 പേരിൽ എത്ര പേർക്ക് ആശയം മനസ്സിലാക്കി എഴുതാനും വായിക്കാനും അറിയുന്നു എന്നതാണ്.

**വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി ഇന്ത്യയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ.**
-സംയോജിത ശിശു വികസന സേവന പരിപാടി (ICDS)
-സമഗ്ര ശിക്ഷാ അഭിയാൻ (SSA)
-രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ (RUSA)
-നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം

**സംയോജിത ശിശു വികസന സേവന പരിപാടിയുടെ ലക്ഷ്യങ്ങൾ**
-6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം.
-ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം.

**സമഗ്ര ശിക്ഷാ അഭിയാൻ - ലക്ഷ്യങ്ങൾ**
-സാർവ്വത്രിക വിദ്യാഭ്യാസം ഹയർ സെക്കണ്ടറി വരെ ഉറപ്പു വരുത്തുക.
-തുല്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുക.
-തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പരിപോഷിപ്പിക്കുക.
-SCERT /DIET ഉടങ്ങിയ അധ്യാപക പരിശീലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക.

**രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ ലക്ഷ്യങ്ങൾ**
-ഉന്നത വിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക.
-ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക.

**നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം**
-യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക.
-തൊഴിൽ വൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പു വരുത്തുക.

**വിദ്യാഭ്യാസം നൽകുന്നതിനായി രാജ്യത്ത് വിവിധ തലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**
-സ്കൂളുകൾ,
-കോളേജുകൾ,
-സർവകലാശാലകൾ,
-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**വിദ്യാഭ്യാസ അവകാശ നിയമം**

-വിദ്യാഭ്യാസം മൗലികാവകാശമാക്കുകയും 2009 ൽ വിദ്യാഭ്യാസ അവകാശ നിയമം പാസാക്കുകയും ചെയ്തു.

-എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യസം എന്ന ലക്ഷ്യം ഭരണഘടന RTE വഴി ഉറപ്പു നൽകുന്നു.

**ഇന്ത്യയിലെ വിദ്യാഭ്യാസ രംഗത്ത് ഇനിയും പരിഹരിക്കേണ്ട പ്രശ്നങ്ങൾ ഏവ?**

-പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു വിഭാഗം വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞു പോകുന്നു.

-വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവുണ്ട്.

-വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്.

## മാനവശേഷി വികസനനവും ആരോഗ്യ പരിപാലനവും

**എന്താണ് WHO വിന്റെ അഭിപ്രായത്തിൽ ആരോഗ്യം**

-ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണ് ആരോഗ്യം

**ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നതെങ്ങനെ?**

-തൊഴിൽ ദിനങ്ങളുടെ എണ്ണംവർധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർധിക്കുന്നതുകൊണ്ടും ഉൽപ്പാദനം കൂടും.

-പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും.

-ചികിത്സച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും.

-ഉൽപ്പാദന വർധവിലൂടെ സാമ്പത്തിക വികസനം സാധ്യമാക്കും.

**ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ ഏവ?**

-പോഷകാഹാര ലഭ്യത

-ശുദ്ധജല ലഭ്യത

-രോഗ പ്രതിരോധ സംവിധാനങ്ങൾ

-ശുചിത്വ പരിപാലനം

-ചികിത്സാ സൗകര്യങ്ങൾ

-വിശ്രമവും വിനോദവും

-ആരോഗ്യകരമായ പരിസ്ഥിതി

**ഇന്ത്യയിൽ ചികിത്സാരംഗത്ത് വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ ഏവ?**

-മെഡിക്കൽ കോളേജുകൾ.

-ജില്ലാ ആശുപത്രികൾ.

-സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ.

-പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ.

-ആരോഗ്യ ഉപകേന്ദ്രങ്ങൾ.

**ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏവ?**

**ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ** – ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്നു.

**ദേശീയ നഗരാരോഗ്യ മിഷൻ** – 50000 ൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരിനിവാസികൾക്കും, പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ പ്രവർത്തിക്കുന്നു.

**ആയുർദൈർഘ്യം എന്നാൽ എന്ത്?**

ഒരു വ്യക്തി ശരാശരി എത്ര വയസു വരെ ജീവിച്ചിരിക്കുന്നു എന്നതാണ് ആയുർദൈർഘ്യം

**2011 ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിലെ ആയുർദൈർഘ്യം എത്ര?**

സ്ത്രീകൾ – 67. 7,

പുരുഷൻമാർ – 64.6,

ആകെ – 66.1

BIJU K, HSA SOCIAL SCIENCE, GHS TUVVUR

# ഭൂതലവിശകലനംഭൂപടങ്ങളിലൂടെ SS2-4

## ധരാതലീയ ഭൂപടങ്ങൾ

-പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ എല്ലാ ഭൗമോപരിതല സവിശേഷതകളെയും വളരെ സൂക്ഷമായി ചിത്രീകരിക്കുന്ന ഭൂപടങ്ങളാണ് ധരാതലീയ ഭൂപടങ്ങൾ.
-ഭൗമോപരിതലത്തിലെ ഉയർച്ചതാഴ്ചകൾ, നദികൾ, മറ്റു ജലാശയങ്ങൾ, വനങ്ങൾ, കൃഷി സ്ഥലങ്ങൾ, തരിശുഭൂമികൾ, ഗ്രാമങ്ങൾ, പട്ടണങ്ങൾ, ഗതാഗത - വാർത്താവിനിമയ മാർഗങ്ങൾ തുടങ്ങിയ പ്രധാനപ്പെട്ട ഭൗമോപരിതല സവിശേഷതകളാണ് ഈ ഭൂപടങ്ങളിൽ ചിത്രീകരിക്കാറുള്ളത്.
-ധരാതലീയ ഭൂപടങ്ങൾ വലിയതോത് ഭൂപടങ്ങൾ ആണ്.
-താരതമ്യേന ചെറിയ പ്രദേശങ്ങളുടെ വിശദമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചിത്രീകരിക്കുന്ന ഭൂപടങ്ങൾ ആണ് വലിയ തോത് ഭൂപടങ്ങൾ.

**ഇന്ത്യയിൽ ധരാതലീയ ഭൂപടം നിർമ്മിക്കുന്നതിനുള്ള ചുമതല ആർക്കാണ്? എന്തുകൊണ്ടാണ് ?**
-സർവേ ഓഫ് ഇന്ത്യ
-രാജ്യസുരക്ഷ പരിഗണിച്ച് തന്ത്രപ്രധാനമായ പ്രദേശങ്ങളുടെ ധരാത തലീയ ഭൂപടങ്ങൾ ഉപയോഗിക്കുന്നതിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

## ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ

-ഭൂപ്രദേശങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്.
-സൈനിക പ്രവർത്തനങ്ങൾക്കും സൈനിക ഭൂപടങ്ങളുടെ നിർമ്മാണത്തിനും.
-സാമ്പത്തിക ആസൂത്രണത്തിന്റെ ഭാഗമായി ഒരു പ്രദേശത്തിന്റെ പ്രകൃതിദത്തവും മനുഷ്യ നിർമ്മിതവുമായ വിഭവങ്ങൾ കണ്ടെത്തി പഠിക്കുന്നതിന്.
-നഗരാസൂത്രണത്തിന്.
-ഭൂവിനിയോഗം മനസ്സിലാക്കുന്നതിന്.
-ഭൂപ്രകൃതി മനസ്സിലാക്കുന്നതിന്.
-വിഭവ സംരക്ഷണത്തിനും വിഭവാസൂത്രത്തിനും.
-ഭൂപടങ്ങളുടെ കമ്പ്യൂട്ടർവൽകൃത രൂപം ജി ഐ എസ് സംങ്കേതത്തിനുവേണ്ടി.

## ഗ്രിഡ് റഫറൻസ്

- ധരാതലീയ ഭൂപടങ്ങളിൽ വടക്ക്-തെക്ക് ദിശയിലും കിഴക്ക്-പടിഞ്ഞാറ് ദിശയിലും ചുവന്ന രേഖകൾ ഉൾപ്പെടുത്തിയിരിക്കുന്നു.
- ഇവയിൽ വടക്ക് തെക്ക് ദിശയിൽ വരച്ചിരിക്കുന്ന രേഖകൾ ഈസ്റ്റ് എന്നറിയപ്പെടുന്നു.
- കിഴക്കുപടിഞ്ഞാറ് ദിശയിലുള്ള രേഖകളെ നോർത്തിങ്സുകൾ എന്നറിയപ്പെടുന്നു.
- ഈസ്റ്ററിങ്സ് - നോർത്തിങ്സ് രേഖകൾ ചേർത്തുണ്ടാക്കുന്ന ജാലികയാണ് റഫറൻസ്ഗ്രിഡ്.

## ഈസ്റ്റിങ്സ്

-ധരാതലീയ ഭൂപടത്തിൽ വടക്ക്-തെക്ക് ദിശയിൽ വരച്ചിട്ടുള്ള ചുവപ്പ് രേഖകളാണ് ഇവ.
-ഇവയുടെ മൂല്യം കിഴക്ക് ദിശയിലേക്ക് പോകുംതോറും കൂടിവരുന്നു.
-ഭൂതലത്തിലെ സവിശേഷതകൾക്ക് തൊട്ട് ഇടതുവശത്തായി കാണപ്പെടുന്ന ഈസ്റ്റിങ്സിന്റെ മൂല്യമാണ് സ്ഥാന നിർണ്ണയത്തിന് പരിഗണിക്കുക.

## നോർത്തിങ്സ്

-ധരാതലീയ ഭൂപടത്തിൽ കിഴക്ക്-പടിഞ്ഞാറ് ദിശയിൽ വരച്ചിട്ടുള്ള ചുവപ്പ് രേഖകളാണ് ഇവ.
-ഇവയുടെ മൂല്യം വടക്ക് ദിശയിലേക്ക് പോകുംതോറും കൂടിവരുന്നു.
-ഭൂതലത്തിലെ സവിശേഷതകൾക്ക് തൊട്ട് തെക്കായി കാണപ്പെടുന്ന നോർത്തിങ്സിന്റെ മൂല്യമാണ് സ്ഥാനനിർണ്ണയത്തിന് പരിഗണിക്കുക.

## നാലക്ക ഗ്രിഡ് റഫറൻസ്

-നാലക്ക ഗ്രിഡ്റഫറൻസിൽ സ്ഥാനനിർണയം നടത്തേണ്ട ഭൂസവിശേഷതയുടെ തൊട്ട് ഇടത് ഭാഗത്തുള്ള ഈസ്റ്റിംഗ്സിന്റെമൂല്യം ആദ്യം എഴുതണം.
-അതിനുശേഷം ഭൂസവിശേഷതയുടതൊട്ടുതാഴെയുള്ള നോർത്തിങ്സിന്റെ മൂല്യം ഈസ്റ്ററിങ്സിന്റെ മൂല്യത്തോടെ ചേർത്തെഴുതണം.
-ഈ സ്ഥാനനിർണയ രീതിയാണ് നാലക്ക ഗ്രിഡ്റഫറൻസ് .

BIJU K, HSA SOCIAL SCIENCE, GHS TUVVUR

# പൊതു ചെലവും പൊതു വരുമാനവും SS2-5

## പൊതുവരുമാനം

-സർക്കാരിന്റെ വരുമാനത്തെ പൊതു വരുമാനം എന്നറിയപ്പെടുന്നു.

**സർക്കാരിന് വരുമാനം (പൊതു വരുമാനം) ലഭിക്കുന്ന സ്രോതസ്സുകൾ ഏവ?**
-നികുതി വരുമാനം.
-നികുതിയേതര വരുമാനം.

**സർക്കാരിന് വരുമാനം (പൊതു വരുമാനം) ലഭിക്കുന്ന സ്രോതസ്സുകൾ ഏവ?**
-നികുതി വരുമാനം.
-നികുതിയേതര വരുമാനം.

## നികുതി (നികുതി)വരുമാനം

-സർക്കാരിന്റെ പ്രധാനവരുമാന സ്രോതസ്.
-ക്ഷേമ പ്രവർത്തനങ്ങൾ വികസന പ്രവർത്തനങ്ങൾ എന്നീങ്ങനെ പൊതുതാൽപര്യത്തിന് വേണ്ടിയുള്ള ചെലവുകൾ വഹിക്കാനായി ജനങ്ങൾ സർക്കാരിന് നിർബന്ധമായും നൽകേണ്ട പണമാണ് നികുതി.
-നികുതി നൽകുന്ന വ്യക്തിയെ നികുതിദായകൻ എന്ന് വിളിക്കുന്നു.
-നികുതി നൽകുന്നതുവഴി നികുതിദായകന് അയാളുടെ വരുമാനത്തിൽ വരുന്ന കുറവിനെ നികുതിഭാരം എന്നറിയപ്പെടുന്നു.

**നികുതി ഭാരം വഹിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നികുതിയെ എത്രയായി തരംതിരിക്കാം? അവ ഏതെല്ലാം?**
രണ്ടായി തരംതിരിക്കാം
-പ്രത്യക്ഷനികുതി
-പരോക്ഷനികുതി

**പ്രത്യക്ഷനികുതി**
-ആരിൽ ആണോ നികുതി ചുമത്തുന്നത് അയാൾ തന്നെ നികുതി അടയ്ക്കുമ്പോൾ (നികുതിഭാരം വഹിക്കുമ്പോൾ) അതിനെ പ്രത്യക്ഷനികുതി എന്നുപറയുന്നു.

## ഇന്ത്യയിലെ പ്രധാന പ്രത്യക്ഷ നികുതികൾ

**വ്യക്തിഗത ആദായ നികുതി.**

-വ്യക്തികളുടെ വരുമാനത്തിന് ചുമത്തുന്ന നികുതിയാണിത്. -വരുമാനം കൂടുന്നതിനനുസരിച്ച് നികുതി നിരക്ക് കൂടുന്നു.
-ഒരു നിശ്ചിത പരിധിക്ക് മുകളിലുള്ള വരുമാനത്തിന് ആദായനികുതി ബാധകമാണ്.
-ഇന്ത്യയിൽ ആദായനികുതി നിയമം 1961 പ്രകാരം കേന്ദ്രസർക്കാരാണ് ആദായനികുതി പിരിക്കുന്നത്.

**കോർപ്പറേറ്റ് നികുതി.**
-കമ്പനികളുടെ അറ്റ വരുമാനത്തിന് മേൽ (ലാഭത്തിനുമേൽ) ചുമത്തുന്ന നികുതിയാണിത്.

## ചരക്ക് സേവന നികുതി

-കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും ചുമത്തിയ വിവിധ പരോക്ഷ നികുതികളെ ലയിപ്പിച്ച് 2017 ജൂലൈ 1 മുതൽ ഇന്ത്യയിൽ നിലവിൽ വന്ന ഏകീകൃത പരോക്ഷ നികുതി സമ്പ്രദായമാണ് ചരക്ക സേവന നികുതി.
-GST അനുസരിച്ച് ചരക്കുകളുടെയും സേവനങ്ങളുടെയും നിർമ്മാണം മുതൽ ഉപഭോഗം വരെയുള്ള എല്ലാ ഘട്ടങ്ങളിലും നികുതി ചുമത്തപ്പെടുന്നു.
-ഓരോ ഘട്ടത്തിലും മൂല്യവർദ്ധനവ് ഉണ്ടാവുകയും അതിന് നികുതി ചുമത്തപ്പെടുകയും ചെയ്യുന്നു.
-ഓരോ ഘട്ടത്തിലും ഉണ്ടാകുന്ന മൂല്യവർദ്ധനവിനു മാത്രമേ നികുതി ചുമത്തപ്പെടുന്നുള്ളൂ.
-അന്തിമ ഉപഭോക്താവ് ആദ്യം അടച്ച നികുതികൾ പിന്നീട് നൽകേണ്ടതില്ല.
-ഒരു സാമ്പത്തിക വർഷത്തിലെ മൊത്തം വിറ്റുവരവ് 20 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ നിലവിലുള്ള നിയമം അനുസരിച്ച് വ്യാപാരികൾ നിർബന്ധമായും ജി.എസ്.ടി യിൽ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**വിവിധതരം ചരക്ക് സേവന നികുതികൾ**
-സെൻട്രൽ ജി.എസ്.ടി (CGST)
-സ്റ്റേറ്റ് ജി.എസ്.ടി (SGST)
-ഇന്റഗ്രേറ്റഡ് ജി.എസ്.ടി (IGST

**സെൻട്രൽ ജി.എസ്.ടി (CGST)യും, സ്റ്റേറ്റ് ജി.എസ്.ടി (SGST)യും എന്താണ്?**
-സംസ്ഥാനത്തിനകത്ത് ക്രയവിക്രയം ചെയ്യപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും മേൽ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ജി.എസ്.ടി ചുമത്തുന്നുണ്ട്.
-ഇതിൽ കേന്ദ്ര ഗവൺമെൻറ് ചുമത്തുന്നത് സെൻട്രൽ ജി.എസ്.ടി. യും,
-സംസ്ഥാനഗവൺമെന്റ് ചുമത്തുന്നത് സ്റ്റേറ്റ് ജി.എസ്.ടി യുമാണ്.
-ഈ രണ്ട് നികുതികളും ഉപഭോക്താക്കളിൽ നിന്നും ഒരുമിച്ച് പിരിച്ചെടുത്ത് കേന്ദ്രവും സംസ്ഥാനവും തുല്യമായി വീതിച്ചെടുക്കുന്നു.

**ഇന്റഗ്രേറ്റഡ് ജി.എസ്.ടി എന്താണ്?**
-അന്തർ സംസ്ഥാന ക്രയവിക്രയങ്ങളുടെ മേൽ ചുമത്തുന്ന നികുതിയാണ് ഇന്റഗ്രേറ്റഡ് ജി.എസ്.ടി.
-ഇന്റഗ്രേറ്റഡ് ജി.എസ്.ടി ചുമത്തുന്നതും പിരിക്കുന്നതും കേന്ദ്ര ഗവൺമെന്റാണ്.
-ഇന്റഗ്രേറ്റഡ് ജി.എസ്.ടിലെ സംസ്ഥാന വിഹിതം കേന്ദ്ര ഗവൺമെന്റാണ് നൽകുന്നത്.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും -SS2-6

## വിദൂര സംവേദനം

-ഒരു വസ്തുവിനെയോ പ്രദേശത്തെയോ പ്രതിഭാസത്തെയോ സംബന്ധിക്കുന്ന വിവരങ്ങൾ സ്പർശബന്ധം കൂടാതെ ഉപകരണങ്ങളുടെ സഹായത്തോടെ ശേഖരിക്കുന്ന രീതിയാണ് വിദൂരസംവേദനം.
-വിദൂര സംവേദനത്തിലൂടെ വിവരങ്ങൾ ശേഖരിക്കാനുള്ള ഉപകരണങ്ങളാണ് സംവേദകങ്ങൾ.
-ക്യാമറകൾ, സ്കാനറുകൾ എന്നിവ സംവേദകത്തിന് ഉദാഹരണമാണ്.
-വസ്തുക്കൾ പ്രതിഫലിപ്പിക്കുന്ന വൈദ്യുതകാന്തിക വികിരണത്തെയാണ് (ഊർജ്ജത്തെ)സംവേദകം പകർത്തുന്നത്.

**എന്താണ് വിദൂര സംവേദനത്തിൽ പ്ലാറ്റ്ഫോം?**
-വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ക്യാമറയോ, സ്കാനറുകളോ സ്ഥാപിച്ചിരിക്കുന്ന പ്രതലത്തെ ആണ് പ്ലാറ്റ്ഫോമെന്ന് പറയുന്നത്.
-ഭൗമോപരിതലം, ബലൂണുകൾ, വിമാനങ്ങൾ, കൃത്രിമഉപഗ്രഹങ്ങൾ എന്നിവയിലൊക്കെ സെൻസറുകൾ സ്ഥാപിക്കാം.

## പ്ലാറ്റ്ഫോമിനെ അടിസ്ഥാനപ്പെടുത്തി വിദൂരസംവേദനത്തിന്റെ വർഗ്ഗീകരണം

-പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കി വിദൂരസംവേദനത്തെ മൂന്നായിതരം തിരിക്കാം.
-ഭൂതല ഛായാഗ്രഹണം
-ആകാശീയ വിദൂരസംവേദനം
-ഉപഗ്രഹ വിദൂരസംവേദനം എന്നിവയാണവ.

**എന്താണ് ഭൂതല ഛായാഗ്രഹണം?**
-ഭൂപ്രതലത്തിൽ നിന്നോ അതിലെ ഉയർന്ന തലങ്ങളിൽ നിന്നോ ഭൗമോപരിതലത്തിന്റെ ചിത്രങ്ങൾ എടുക്കുന്നതിനെയാണ് ഭൂതല ഛായാഗ്രഹണം എന്ന പറയുന്നത്.
-ക്യാമറകൾ ഉപയോഗിച്ച് നമ്മൾ എടുക്കുന്ന ചിത്രങ്ങൾ ഭൂതലഛായാഗ്രഹണത്തിന് ഉദാഹരണമാണ്.

**ആകാശീയ വിദൂരസംവേദനം.**
-ബലൂണുകളിലോ  വിമാനങ്ങളിലോ ഉറപ്പിച്ചിട്ടുള്ള ക്യാമറയുടെ സഹായത്താൽ ആകാശത്തുനിന്നും ചിത്രങ്ങൾ തുടർച്ചയായി എടുക്കുന്ന പ്രക്രിയയാണ് ആകാശീയ വിദൂര സംവേദനം.
-താരതമ്യേന വിസ്തൃതി കുറഞ്ഞ പ്രദേശങ്ങളുടെ  വിവരശേഖരണത്തിന് ആകാശീയവിദൂര സംവേദനമാണ് ഉപയോഗിക്കുന്നത്.
-വിമാനം കടന്നുപോകുന്ന പ്രദേശങ്ങളുടെ തുടർച്ചയായുള്ള ചിത്രങ്ങൾ ലഭ്യമാക്കുന്നു എന്നത് ആകാശീയ വിദൂര സംവേദനത്തിന്റെ മേന്മയാണ്.
**ആകാശീയ ഛായചിത്രങ്ങളിലെ ഓവർലാപ്.**
-ഓരോ ആകാശീയ ചിത്രത്തിലും തൊട്ടടുത്തുള്ള ചിത്രങ്ങളിലെ ഏകദേശം 60% ഭാഗംകൂടി പകർത്തി എടുക്കാറുണ്ട്.
-ഇതാണ് ആകാശീയ ഛായചിത്രങ്ങളിലെ ഓവർലാപ്.
-തുടർച്ച നിലനിർത്തുന്നതിനും സ്റ്റീരിയോസ്കോപ്പിന്റെ സഹായത്താൽ ത്രിമാന വീക്ഷണം ലഭിക്കുന്നതിനും വേണ്ടിയാണ് ഓവർലാപോടുകൂടി ചിത്രങ്ങളെടുക്കുന്നത്.
**ആകാശീയ ഛായചിത്രങ്ങളിലെ സ്റ്റീരിയോ പെയർ?**
-ഓവർലാപ്പോടുകൂടിയ തൊട്ടടുത്തുള്ള ഒരു ജോഡി ആകാശ ചിത്രങ്ങളെ സ്റ്റീരിയോ പെയർ എന്നു പറയുന്നു.
-ഇത്തരം ചിത്രങ്ങളിൽ നിന്നും ത്രിമാനദൃശ്യം ലഭ്യമാക്കാൻ സഹായിക്കുന്ന ഉപകരണങ്ങളാണ് സ്റ്റീരിയോ സ്കോപ്പ്.
-ഒരു പ്രദേശത്തെ ഒന്നാകെ കാണുന്നതിനും ഉയർച്ചതാഴ്ചകൾ  വേർതിരിച്ചറിയുന്നതിനും സ്റ്റീരിയോസ്കോപ്പ് സഹായിക്കുന്നു.

**ആകാശീയ വിദൂരസംവേദനത്തിന്റെ പോരായ്മകൾ.**
-വിമാനത്തിന് ഉണ്ടാകുന്ന കുലുക്കം ചിത്രങ്ങളുടെ ഗുണമേൻമയെ ബാധിക്കുന്നു.
-വിമാനത്തിന്  പറന്നുയരാനും ഇറങ്ങാനും തുറസ്സായ സ്ഥലം ആവശ്യമാണ്.
-വിസ്തൃതമായ പ്രദേശങ്ങളുടെ ചിത്രീകരണം പ്രായോഗികമല്ല.
-ഇന്ധനം നിറയ്ക്കുന്നതിന് വിമാനം ഇടയ്ക്കിടെ നിലത്തിറക്കുന്നത് ചെലവ് വർദ്ധിപ്പിക്കുന്നു.

## ഉപഗ്രഹ വിദൂര സംവേദനം

-കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന സെൻസറുകൾ വഴി വിവരശേഖരണം നടത്തുന്ന പ്രക്രിയയാണ് ഉപഗ്രഹ വിദൂരസംവേദനം.
-കൃത്രിമ ഉപഗ്രഹങ്ങളെ ഭൂസ്ഥിര ഉപഗ്രഹങ്ങൾ സൗരസ്ഥിര ഉപഗ്രഹങ്ങൾ എന്നിങ്ങനെ രണ്ടായി തിരിക്കാം.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

## ഭൂസ്ഥിര ഉപഗ്രഹങ്ങൾ

-സഞ്ചാരപഥം ഭൂമിയിൽനിന്ന് ഏകദേശം 36,000 കിലോമീറ്റർ ഉയരത്തിൽ.
-ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം നിരീക്ഷണ പരിധിയിൽ വരുന്നു.
-ഭൂമിയുടെ ഭ്രമണ വേഗത്തിന് തുല്യമായ വേഗത്തിൽ സഞ്ചരിക്കുന്നതിനാൽ എല്ലായിപ്പോഴും ഭൂമിയിലെ ഒരേ പ്രദേശത്തെ അഭിമുഖീകരിച്ച് നിലകൊള്ളുന്നു.
-ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണത്തിന് സാധിക്കുന്നു.
-വാർത്താവിനിമയത്തിനും ദിനാന്തരീക്ഷസ്ഥിതിയിലുണ്ടാകുന്ന വ്യത്യാസം മനസ്സിലാക്കാനും പ്രയോജനപ്പെടുന്നു.
- ഇന്ത്യയുടെ INSAT ശ്രേണിയിൽപ്പെട്ട ഉപഗ്രഹങ്ങൾ ഭൂസ്ഥിര ഉപഗ്രഹങ്ങൾക്ക് ഉദാഹരണമാണ്.

## സൗരസ്ഥിര ഉപഗ്രഹങ്ങൾ

-ധ്രുവങ്ങൾക്ക് മുകളിലൂടെ ഭൂമിയെ വലംവയ്ക്കുന്ന കൃത്രിമ ഉപഗ്രഹങ്ങളാണ് സൗര സ്ഥിര ഉപഗ്രഹങ്ങൾ.
-സഞ്ചാരപഥം ഭൗമോപരിതലത്തിൽ നിന്നും ഏതാണ്ട് 900 കിലോമീറ്ററിൽ താഴെ.
-ഭൂസ്ഥിര ഉപഗ്രഹങ്ങളെക്കാൾ കുറഞ്ഞ നിരീക്ഷണപരിധി.
-പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണം സാധ്യമാക്കുന്നു.
-പ്രകൃതി വിഭവങ്ങൾ, ഭൂവിനിയോഗം, ഭൂഗർഭ ജലം
മുതലായവയെക്കുറിച്ച് വിവരശേഖരണത്തിന് ഉപയോഗിക്കുന്നു.
-വിദൂര സംവേദനത്തിന് മുഖ്യമായും സൗരസ്ഥിര ഉപഗ്രഹങ്ങളെ പ്രയോജന പ്പെടുത്തുന്നു.
-ഉദാഹരണം ഇന്ത്യയുടെ IRS ശ്രേണിയിൽപ്പെട്ട ഉപഗ്രഹങ്ങൾ.

## ഭൂവിവരവ്യവസ്ഥയുടെ വിശകലന സാധ്യതകൾ

-ശൃംഖലാ വിശകലനം
-ആവൃത്തി വിശകലനം
-ഓവർലേ വിശകലനം
എന്നിവയാണ് ഭൂവിവര വ്യവസ്ഥ യുടെപ്രധാനപ്പെട്ട വിശകലന സാധ്യതകൾ.

## ഓവർലേ വിശകലനം

-ഒരു പ്രദേശത്തിന്റെ വിവിധ ഭൗമോപരിതല സവിശേഷതകളുടെ പരസ്പര ബന്ധത്തെക്കുറിച്ചും കാലാനുസൃതമായി അവയിലുണ്ടായ മാറ്റത്തെക്കുറിച്ചും മനസ്സിലാക്കുന്നതിന് ഓവർലേ വിശകലനം ഉപയോഗിക്കുന്നു.
-വിളകളുടെ വിസ്തൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ, ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ എന്നിവയൊക്കെ മനസ്സിലാക്കാൻ ഓവർലേ വിശകലനം സഹായകമാണ്.

## ആവൃത്തി വിശകലനം

-ഒരു ബിന്ദുവിനുചുറ്റുമായോ രേഖീയ സവിശേഷതകൾക്ക് ഇരുവശങ്ങളിലും നിശ്ചിത ദൂരത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെ വിശകലനം ചെയ്യുന്നതിനോ ഉപയോഗിക്കുന്ന സങ്കേതമാണ് ആവൃത്തി വിശകലനം.
-നിലവിലുള്ള 5 മീറ്റർ റോഡിന് 8 മീറ്ററായി വീതി കൂട്ടുമ്പോൾ ഏറ്റെടുക്കേണ്ടി വരുന്ന വീടുകൾ ആവൃത്തി വിശകലനത്തിലൂടെ കണ്ടെത്താൻ കഴിയും.
-ഒരു വിദ്യാലയത്തിനു മൂന്നു കിലോമീറ്റർ ചുറ്റളവിലുള്ള വീടുകൾ വൃത്താകൃതിയിൽ ആവൃത്തി മേഖല സൃഷ്ടിച്ച് കണ്ടെത്താം.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# വൈവിധ്യങ്ങളുടെ ഇന്ത്യ SS2-7

## ഹിമവൽഭൂവിൽ

**ഉത്തരപർവതമേഖല കുറിപ്പ് തയ്യാറാക്കുക.**
**-**കാശ്മീരിന് വടക്കുപടിഞ്ഞാറു മുതൽ ഇന്ത്യയുടെ കിഴക്കൻ അതിർത്തിവരെ ഒരു വൻമതിൽ പോലെ നിലകൊള്ളുന്ന പർവ്വതനിരകൾ ഉത്തരപർവതമേഖല എന്നറിയപ്പെടുന്നു.
-ഉത്തരപർവതമേഖലയെ മൂന്നായി തിരിക്കാം
*ട്രാൻസ് ഹിമാലയൻ
*ഹിമാലയം
*കിഴക്കൻ മലനിരകൾ

## ട്രാൻസ് ഹിമാലയം

-കാറക്കോറം, ലഡാക്ക്, സസ്കർ എന്നീ പർവ്വതനിരകൾ ചേർന്നത്.
-ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ മൗണ്ട് K2, അഥവാ ഗോഡ് വിൻ ഓസ്റ്റിൻ (8661 മീറ്റർ ഉയരം) സ്ഥിതിചെയ്യുന്നത് കാറക്കോറം നിരയിലാണ്.
-ട്രാൻസ് ഹിമാലയത്തിന്റെ ശരാശരി ഉയരം 6000 മീറ്ററാണ്.

## ഹിമാലയം

-ട്രാൻസ് ഹിമാലയത്തിനും, കിഴക്കൻ മലനിരകൾക്കും ഇടയിൽ സ്ഥിതി ചെയ്യുന്നു.
-ഏകദേശം **2400** കിലോമീറ്റർ നീളം.
-ലോകത്തിലെ ഉയരമേറിയ നിരവധി കൊടുമുടികൾ സ്ഥിതിചെയ്യുന്നു.
-കാശ്മീർ ഭാഗത്ത് ഏകദേശം **400** കിലോ മീറ്റർ വീതിയുണ്ട്
-അരുണാചൽ പ്രദേശിൽ **150** കിലോമീറ്റർ ആണ് ഏകദേശ വീതി.
-**5** ലക്ഷം ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുണ്ട്.
-സമാന്തരമായ **3** പർവ്വതനിരകൾ ഉൾപ്പെട്ടതാണ് ഹിമാലയം.

**ഹിമാലയൻ നിരകൾ**
-ഹിമാദ്രി,
-ഹിമാചൽ,
-സിവാലിക് എന്നീ നിരകൾ ചേർന്നത്.

**ഹിമാദ്രി നിരയുടെ സവിശേഷതകൾ?**
-ഏറ്റവും ഉയരം കൂടിയ ഹിമാലയൻനിര
-ശരാശരി ഉയരം **6000** മീറ്റർ
-ഗംഗ, യമുന എന്നീ നദികളുടെ ഉദ്ഭവസ്ഥാനം
-**8000** മീറ്ററിനു മുകളിൽ ഉയരമുള്ള നിരവധി കൊടുമുടികൾ സ്ഥിതിചെയ്യുന്നു. (ഉദാഹരണം: കാഞ്ചൻജംഗ, നന്ദാദേവി)

**ഹിമാചൽ നിരയുടെ സവിശേഷതകൾ?**
-ഹിമാദ്രിയുടെ തെക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു.
-ശരാശരി ഉയരം **3000** മീറ്റർ
-ഷിംല, ഡാർജിലിംഗ് തുടങ്ങിയ സുഖവാസകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നു.

**സിവാലിക് നിരയുടെ സവിശേഷതകൾ?**
-ഹിമാചലിന്റെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു.
-ശരാശരി ഉയരം 1220 മീറ്റർ.
-ഹിമാലയൻ നദികൾ ഈ പർവ്വത നിരയെ മുറിച്ചുകൊണ്ട് ഒഴുകുന്നതിനാൽ പലയിടങ്ങളിലും തുടർച്ച നഷ്ടപ്പെടുന്നു.
-നീളമേറിയതും വിസ്തൃതവുമായ താഴ്‌വരകൾ കാണപ്പെടുന്നു.
-ഇവയെ ഡൂണുകൾ എന്നു വിളിക്കുന്നു.( ഉദാഹരണം: ഡെറാഡൂൺ)

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**ഹിമാലയ പർവത മേഖലയിലെ സസ്യജാലങ്ങൾ**

-വ്യത്യസ്തങ്ങളായ സസ്യജാലങ്ങൾ ഈ പർവത പ്രദേശങ്ങളിൽ കാണപ്പെടുന്നു.
-സമുദ്രനിരപ്പിൽനിന്നും 1000 മുതൽ 2000 മീറ്റർ വരെ ഉയരത്തിൽ ഓക്ക്, മേപ്പിൾ തുടങ്ങിയ വൃക്ഷങ്ങൾ കാണപ്പെടുന്നു.
-അതിനു മുകളിലേക്കുള്ള ഉയരത്തിൽ ദേവദാരു, സ്പ്രൂസ്, തുടങ്ങിയ സ്തൂപികാഗ്ര വൃക്ഷങ്ങളും കാണപ്പെടുന്നു.

## കിഴക്കൻ മലനിരകൾ

-സമുദ്രനിരപ്പിൽ നിന്നും ഏകദേശം 500 മുതൽ 3000 മീറ്റർ വരെ ഉയരമുള്ള ഈ പ്രദേശം പൂർവാഞ്ചൽ എന്ന് അറിയപ്പെടുന്നു.
-നാഗാലാന്റിലെ പത്കായിബും, നാഗാ കുന്നുകൾ,
-മേഘാലയത്തിലെ ഗാരോ, ഖാസി, ജയന്തിയ കുന്നുകൾ,
-മിസോറാമിലെ മിസോ കുന്നുകൾ എന്നിവ ഉൾപ്പെടുന്നു.
-ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമായ ചിറാപ്പുഞ്ചി ഇവിടെയാണ്.
-ഈ പ്രദേശത്ത് നിബിഡമായ ഉഷ്ണമേഖലാ മഴക്കാടുകൾ ഉണ്ട്.

**ഉത്തര പർവത മേഖലയിലെ മണ്ണിനങ്ങൾ?**

-തവിട്ടുനിറത്തിലും കറുത്ത നിറത്തിലുമുള്ള മണ്ണാണ് ഇവിടെ കാണപ്പെടുന്നത്.
-പൊതുവെ ഫലപുഷ്ടി കൂടിയ ഈ മണ്ണ് പർവ്വത മണ്ണ് എന്നറിയപ്പെടുന്നു.

**ഉത്തരപർവതമേഖലയുടെ പ്രാധാന്യം**

-വൈദേശിക ആക്രമണങ്ങളിൽനിന്നും നമ്മെ സംരക്ഷിക്കുന്നു.
-മൺസൂൺ കാറ്റുകളെ തടഞ്ഞു നിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴപെയ്യിക്കുന്നു.
-ശൈത്യകാലത്ത് വടക്കുനിന്നും വീശുന്ന വരണ്ട ശീതക്കാറ്റിനെ ഇന്ത്യയിലേക്ക് കടക്കാതെ ചെറുക്കുന്നു.
-വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ കാണപ്പെടുന്നു.
-നദികളുടെ ഉത്ഭവസ്ഥാനം.
-ധാരാളം സുഖവാസകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നു.

## ഹിമാലയൻ നദികൾ

| നദികൾ | ഉത്ഭവസ്ഥാനം | നീളം | പോഷകനദികൾ | ഒഴുകുന്നസംസ്ഥാനം | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|---|---|
| സിന്ധു | സിന്ധു ടിബറ്റിലെ മാനസസരോവർ തടാകം | ഏകദേശം 2280 കിലോമീറ്റർ ഇന്ത്യയിലൂടെ 709 കിലോമീറ്റർ മാത്രം ഒഴുകുന്നു | ത്സലം, ചിനാബ്, രബി, ബിയാസ്, സത്‌ലജ്. | ജമ്മുകാശ്മീർ ഹിമാതൽപ്രദേശ് പഞ്ചാബ് | അറബിക്കടൽ. |
| ഗംഗ | ഗംഗോത്രി ഹിമാനിയിൽ ഗോമുഖ് ഗുഹ | ഏകദേശം 2500 കിലോമീറ്റർ നീളം | യമുന, ഗോമതി, ഗാങ്ടോക്ക്, കോസി, ഗാഘ്ര. | UP, ഉത്തരാഞ്ചൽ,MP, ബിഹാർ,WB | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | ടിബറ്റിലെ ചെമ-യുങ് - ഡുങ് ഹിമാനി. | ഏകദേശം 2900 കിലോമീറ്റർ ഇന്ത്യയിലെ നീളം 725 കിലോമീറ്റർ | തിസ്ത, മാനസ്, ലൂഹിത്, ദിബാങ്, സുബൻസിരി | അരുണാചൽ, ആസ്സാം, സ്കിം, പശ്ചിമബംഗാൾ | ബംഗാൾ ഉൾക്കടൽ |

**ഹിമാലയൻ നദികൾ-ഉപദ്വീപിയ നദികൾ താരതമ്യം**

| ഹിമാലയൻ നദികൾ | ഉപദ്വീപിയ നദികൾ |
|---|---|
| -ഹിമാലയൻ പർവ്വതനിരകളിൽ നിന്നും ഉത്ഭവിക്കുന്നു<br>-അതിവിസ്തൃതമായ വൃഷ്ടിപ്രദേശം<br>-അതിശക്തമായ അപരദന തീവ്രത.<br>-പർവത മേഖലകളിൽ ഗിരികന്ദരങ്ങൾ സൃഷ്ടിക്കുന്നു.<br>-സമതലങ്ങളിൽ വളഞ്ഞുപുളഞ്ഞ ഒഴുകുന്നു.<br>-ഉയർന്ന ജലസേചന ശേഷി.<br>-ഉൾനാടൻ ജലഗതാഗതത്തിന് അനുയോജ്യം. | -ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്നും ഉത്ഭവിക്കുന്നു<br>-താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം<br>-അപരദന തീവ്രത താരതമ്യേന കുറവ്<br>-കാഠിന്യമേറിയ ശിലകളിലൂടെ ഒഴുകുന്നതിനാൽ അഗാധമായ താഴ്വരകൾ സൃഷ്ടിക്കുന്നില്ല.<br>-കുറഞ്ഞ ജലസേചന ശേഷി.<br>-ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ്. |

SCIENCE, GHS TUVVUR

## ഉപദ്വീപീയ നദികൾ

| നദികൾ | ഉത്ഭവസ്ഥാനം | പോഷകനദികൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|
| മഹാനദി | മൈക്കാലാനിരകൾ (മധ്യപ്രദേശ്) | ഇബ്, ടെൽ | ബംഗാൾ ഉൾക്കടൽ |
| ഗോദാവരി | പശ്ചിമഘട്ടം (മഹാരാഷ്ട്രയിലെ നാസിക് ജില്ല) | ഇന്ദ്രാവതി, ശബരി | ബംഗാൾ ഉൾക്കടൽ |
| കൃഷ്ണ | പശ്ചിമഘട്ടം (മഹാരാഷ്ട്രയിലെമഹാബലേശ്വർ കുന്നുകൾ) | ഭീമ, തുംഗഭദ്ര | ബംഗാൾ ഉൾക്കടൽ |
| കാവേരി | പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരി നിരകൾ (കർണാടകം) | കമ്പനി, അമരാവതി | ബംഗാൾ ഉൾക്കടൽ |
| നർമ്മദ | മൈക്കാലാനിരകൾ (ഛത്തീസ്ഗഡ് ) | ഹിരൺ, ബൻജൻ | അറബിക്കടൽ |
| താപ്തി | മുൻതായ് പീഠഭൂമി (മധ്യപ്രദേശിലെ ബൈതുൽ ജില്ല) | അനർ, ഗിർന | അറബിക്കടൽ |

## ഇന്ത്യയുടെ തീരസമതലങ്ങൾ

-ഗുജറാത്തിലെ റാൻ ഓഫ് കച്ചിൽ തുടങ്ങി ഗംഗ ബ്രഹ്മപുത്ര ഡെൽറ്റ പ്രദേശം വരെ നീളുന്ന **ഇന്ത്യയുടെ** തീരസമതല പ്രദേശത്തിന് **6100** കിലോമീറ്റർ നീളമുണ്ട്.
-ഇതിനെ രണ്ടായി തിരിക്കാം
-പടിഞ്ഞാറൻ തീരസമതലം എന്നും,
-കിഴക്കൻ തീരസമതലം എന്നും.

### *പടിഞ്ഞാറൻ തീരസമതലം

-അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയി സ്ഥിതിചെയ്യുന്നു
-റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ നീളം
-താരതമ്യേന വീതി കുറവ്
-ഗുജറാത്ത് തീരസമതലം, കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ മൂന്നായി തിരിക്കാം.
-കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു.
-ഡെൽറ്റകൾ രൂപീകരിക്കുന്നില്ല.

### *കിഴക്കൻ തീരസമതലം

-ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ സ്ഥിതിചെയ്യുന്നു
-സുന്ദര വനപ്രദേശം മുതൽ കന്യാകുമാരി വരെ നീളം.
-വീതി താരതമ്യേന കൂടുതൽ.
-കോറമാൻഡൽ തീരം വടക്കൻ സർകാർസ് തീരം എന്നിങ്ങനെ രണ്ടായി തിരിക്കാം.
-ഡെൽറ്റകൾ രൂപീകരിക്കുന്നു.
-കായലുകളും അഴിമുഖങ്ങളും കുറവാണ്.

**ഇന്ത്യയുടെ കിഴക്കൻ തീരപ്രദേശത്ത് ഡെൽറ്റകൾ രൂപംകൊള്ളുന്നുണ്ടെങ്കിലും പടിഞ്ഞാറൻതീരത്ത് ഡെൽറ്റകൾ രൂപം കൊള്ളുന്നില്ല.എന്തുകൊണ്ട്?**
-പടിഞ്ഞാറൻ തീരത്തേക്ക് ഒഴുകിവരുന്ന നദികൾ  മിക്കവയും ഒഴുകിയെത്തുന്നത് കായലുകളിലെക്കാണ്.
-പടിഞ്ഞാറൻ തീരത്തെ കടലിന് ആഴം കൂടുതലുമാണ്.
-ഇതുകൊണ്ടെല്ലാമാണ് പടിഞ്ഞാറൻ തീര സമതലങ്ങളിൽ ഡെൽറ്റകൾ രൂപം കൊള്ളാത്തത്.
**തീരസമതലങ്ങളിലെ ജനജീവിതത്തിന്റെ സവിശേഷതകൾ**
-തീര സമതലങ്ങളിലെ ജനങ്ങളുടെ പ്രധാന തൊഴിൽ മത്സ്യബന്ധനമാണ്.
-വിനോദസഞ്ചാരം വികാസം പ്രാപിച്ചിട്ടുണ്ട്.
-പടിഞ്ഞാറൻ തീരത്ത് നെല്ല് തെങ്ങ് തുടങ്ങിയവ പ്രധാനമായി കൃഷി ചെയ്യുന്നു.
-കിഴക്കൻതീര സമുദ്രത്തിലെ കാവേരി, കൃഷ്ണ, ഗോദാവരി, മഹാനദി എന്നീ നദീതടങ്ങളിൽ വ്യാപകമായി നെല്ല് കൃഷി ചെയ്യുന്നു.

## ഇന്ത്യയുടെ കാലാവസ്ഥ

**ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ**
-അക്ഷാംശ സ്ഥാനം
-ഭൂപ്രകൃതി
-സമുദ്രസാമീപ്യം
-സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം
-കാറ്റുകൾ
-പർവ്വതങ്ങൾ

BIJU K.K, HSA SOCIAL SCIENCE, GHS TUVVUR

**ഇന്ത്യയിലെ ഋതുക്കൾ ഏവ?**

-ശൈത്യകാലം

-ഉഷ്ണകാലം

-തെക്കുപടിഞ്ഞാറൻ മൺസൂൺ കാലം

-വടക്കു കിഴക്കൻ മൺസൂൺ കാലം(മൺസൂണിന്റെ പിൻവാങ്ങൽ കാലം)

## തെക്കുപടിഞ്ഞാറൻ മൺസൂൺ കാലം

-ഉത്തരാർദ്ധഗോളത്തിൽ വേനൽക്കാലത്ത് ഏതാണ്ട് മെയ് അവസാനം ഇന്ത്യയിൽ ഉത്തരമഹാസമതലത്തിൽ ശക്തമായ ന്യൂനമർദ്ദം രൂപംകൊള്ളുന്നു.

-ഈ ന്യൂനമർദ്ദമേഖലയിലേക്ക് ദക്ഷിണാർദ്ധഗോളത്തിൽ വീശുന്ന തെക്കുകിഴക്കൻ വാണിജ്യവാതങ്ങളെ ആകർഷിക്കുന്നു.

-ഭൂമധ്യരേഖ മുറിച്ച്കടക്കുന്ന തെക്കുകിഴക്കൻ വാണിജ്യ വാതങ്ങൾ ദിശാവ്യതിയാനം സംഭവിച്ച് തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റായി വീശുന്നു.

-തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകളെ ഇന്ത്യൻ ഉപഭൂഖണ്ഡം അറബിക്കടൽ ശാഖ എന്നും, ബംഗാൾ ഉൾക്കടൽ ശാഖ എന്നും രണ്ടായി വിഭജിക്കുന്നു.

***അറബിക്കടൽ ശാഖ**

-അറബിക്കടലിൽ നിന്നും നീരാവി വഹിച്ചുകൊണ്ട് വരുന്ന അറബിക്കടൽ ശാഖ പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറുഭാഗത്ത് തട്ടി ഉയർന്നുപൊങ്ങി മഴയായ് പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറുഭാഗത്ത് പെയ്തിറങ്ങുന്നു.

-കേരളം, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ മഴപെയ്യിക്കുന്നു.

-രാജസ്ഥാനിൽ പ്രവേശിക്കുന്ന ഈ മൺസൂൺ ശാഖ ആർവല്ലി പർവ്വതനിരകൾക്ക് സമാന്തരമായി കടന്നു പോകുന്നതിനാൽ രാജസ്ഥാനിൽ മഴ കുറയുന്നു.

***ബംഗാൾഉൾക്കടൽ ശാഖ**

-ബംഗാൾ ഉൾക്കടലിൽ നിന്നും നീരാവി വഹിച്ചെത്തുന്ന ഈ ശാഖ പൂർവ്വഘട്ടത്തിനു സമാന്തരമായി വടക്കോട്ട് സഞ്ചരിച്ച് ഹിമാലയ പർവ്വതത്തിൽ തട്ടി രണ്ടായി പിരിയുന്നു.

-ഒരു ശാഖ ഗംഗാസമതലം വഴി വടക്ക് പടിഞ്ഞാറോട്ട് സഞ്ചരിക്കുകയും സഞ്ചാരപാതയിൽ എല്ലായിടത്തും മഴപെയ്യിച്ച് പഞ്ചാബ് ഹരിയാന സമതലത്തിൽ എത്തി അറബിക്കടൽ ശാഖയുമായി കൂടിച്ചേർന്ന് അവിടെ ശക്തമായമഴ പെയ്യിക്കുന്നു.

-മറ്റൊരു ശാഖ കിഴക്കോട്ട് സഞ്ചരിച്ച് കിഴക്കൻ മലനിരകളിൽ തട്ടി ഇന്ത്യയുടെ വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിൽ നല്ല മഴ നൽകുന്നു.

**പശ്ചിമഘട്ടത്തിന്റെ കിഴക്കേ ചരിവിൽ മൺസൂൺ മഴ വളരെ കുറവാണ് കാരണമെന്ത്?**

-തെക്കുപടിഞ്ഞാറൻ മൺസൂണിന്റെ അറബി കടൽ ശാഖയെ പശ്ചിമഘട്ടം തടഞ്ഞു നിർത്തുന്നതിനാൽ പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കനത്ത മഴ ലഭിക്കുന്നു.

-പശ്ചിമഘട്ടം തടഞ്ഞുനിർത്തുന്നതിൽ മഴമേഘങ്ങൾ പശ്ചിമഘട്ടത്തിന് കിഴക്കുഭാഗത്തേക്ക് പോകാത്തതിനാൽ ആണ് പശ്ചിമഘട്ടത്തിലെ കിഴക്കുഭാഗത്ത് മഴ വളരെ കുറഞ്ഞിരിക്കുന്നത്.

## മൺസൂണിന്റെ പിൻവാങ്ങൽ കാലം (വടക്കുകിഴക്കൻ മൺസൂൺ കാറ്റുകൾ)

-സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ് വടക്കു കിഴക്കൻ മൺസൂൺ കാലം അനുഭവപ്പെടുന്നത്.

-വടക്കു കിഴക്കൻ മൺസൂൺ കാറ്റുകൾ വരണ്ട കാറ്റുകൾ ആയതിനാൽ ഇത് ഇന്ത്യയിൽ പൊതുവെ മഴ ഉണ്ടാക്കാറില്ല.

-മൺസൂണിന്റെ പിൻവാങ്ങൽ കാലമെന്നും വിശേഷിപ്പിക്കാറുണ്ട്.

-മഴക്കാലത്തിനും ശൈത്യകാലത്തിനും ഇടയിലുള്ള ഇടവേളയാണിത്.

-ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്താൽ ആകർഷിക്കപ്പെട്ട് കരയിൽ നിന്നും കടലിലേക്ക് നീങ്ങുന്ന കാറ്റുകൾ ബംഗാൾ ഉൾക്കടലിൽ നിന്നും ഈർപ്പം ആഗിരണം ചെയ്ത് ഇന്ത്യയുടെ കിഴക്കൻ തീരത്തിലേക്ക് നീങ്ങുന്നതിനാൽ ഇന്ത്യയുടെ കോറമണ്ടൽ തീരത്ത്, പ്രത്യേകിച്ചും തമിഴ്നാട് തീരത്ത് കനത്ത മഴക്ക് കാരണമാകുന്നു.

-കേരളം, കർണാടകത്തിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലും വടക്കുകിഴക്കൻ മൺസൂൺ മഴ ലഭിക്കാറുണ്ട്.

-കേരളത്തിൽ വടക്കുകിഴക്കൻ മൺസൂൺ കാലം അറിയപ്പെടുന്നത് തുലാവർഷം എന്നാണ്.

**എന്താണ് ഒക്ടോബർ ചൂട്?**

-ഒക്ടോബർ നവംബർ മാസങ്ങളിലായി ഇന്ത്യയൊട്ടാകെ അനുഭവപ്പെടുന്ന ഉയർന്ന ഊഷ്മാവും ആർദ്രതയും പകൽ സമയങ്ങളെ ദുസഹമാക്കുന്ന പ്രതിഭാസമാണ് ഒക്ടോബർ ചൂട്.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR


ഇന്ത്യ
പർവ്വതനിരകൾ
പീഠഭൂമികൾ
ഹിമാദ്രി
ഹിമാചൽ
സിവാലിക്
കാറകോറം
ലഡാക്ക്
സാസ്ക്കർ
മാൾവാ
പീഠഭൂമി
ചോട്ടാനാഗ്പൂർ
പീഠഭൂമി
ഗാരോ, ഖാസി,
ജയന്തിയ കുന്നുകൾ
പത്കായിബു
നാഗാ കുന്നുക
മിസോ കുന്നുക
കച്ച്
ഉപദ്വീപ്
കത്തിയവാർ
വിന്ധ്യ
സത്പുര
ഡക്കാൺ
പീഠഭൂമി
പശ്ചിമഘട്ടം
പൂർവ്വഘട്ടം
പൂർവ്വഘട്ടം


ഇന്ത്യ
നദികൾ
യമുന
ഗംഗ
ഗംഗ
നർമ്മദ
താപ്തി
മഹാനദി
ഗോദാവരി
കൃഷ്ണ
കാവേരി

BIJU K K, HSST

# ഇന്ത്യ സാമ്പത്തിക—ഭൂമിശാസ്ത്രം SS2-8

## ഇന്ത്യ കാർഷിക കാലങ്ങൾ
-ഖാരിഫ്
-റാബി
-സൈദ്

**ഖാരിഫ് കാർഷിക കാലം**
-വിളയിറക്കുകാലം ജൂൺ(മൺസൂൺ മഴയുടെ അരംഭം)
-വിളവെടുപ്പുകാലം നവംബർ ആദ്യവാരം (മൺസൂൺ മഴയടെ അവസാനം)
-പ്രധാന വിളകൾ നെല്ല്, ചോളം, പരുത്തി, തിനവിളകൾ, ചണം, കരിമ്പ്, നിലക്കടല
ഇന്ത്യയിലെ കാർഷിക കാലങ്ങൾ വിളകൾ

**റാബി കാർഷിക കാലം**
-വിളയിറക്കുകാലം നവംബർമധ്യം (ശൈത്യകാലാരംഭം)
-വിളവെടുപ്പുകാലം മാർച്ച് (വേനലിന്റെ ആരംഭം)
-പ്രധാന വിളകൾ ഗോതമ്പ്, പുകയില, കടുക്, പയറുവർഗങ്ങൾ

**സൈദ് കാർഷിക കാലം**
-വിളയിറക്കുകാലം നമാർച്ച് (വേനലിന്റെ ആരംഭം)
-വിളവെടുപ്പുകാലം ജൂൺ(മൺസൂൺ മഴയുടെ ആരംഭം)
-പ്രധാന വിളകൾ പഴങ്ങൾ, പച്ചക്കറികൾ

## ഇന്ത്യയി ലെ ഭഷ്യവിളകൾ
ഭക്ഷ്യവസ്തുക്കളായി നേരിട്ട് ഉപയോഗിറ്ക്കാവുന്ന വിളകളാണ് ഭക്ഷ്യവിളകൾ
ഉദാഹരണം -നെല്ല്, -ഗോതമ്പ്, -ചോളം, -ബാർളി, -തിനവിളകൾ, -പയർവർഗങ്ങൾ.

**ഇന്ത്യയിലെ ഭക്ഷ്യ വിള**
**നെല്ല്**
-കാലം - ഖാരിഫ്.
-മണ്ണ് - എക്കൽമണ്ണ്.
-ഊഷ്മാവ് - 24°C മുകളിൽ.
-മഴ - 150cm ൽ കൂടുതൽ.
-സവിശേഷത - ജലസേചന സൗകര്യം ഉപയോഗിച്ചും കൃഷിചെയ്യാം ഭക്ഷ്യവിളയിൽ ഒന്നാം സ്ഥാനം.
-കൃഷി ചെയ്യുന്ന സംസ്ഥാനങ്ങൾ - ഉത്തർപ്രദേശ്, ബിഹാർ, പശ്ചിമബംഗാൾ, ഒറീസ,ആന്ധ്ര, തമിഴ്നാട്.

**ഗോതമ്പ്**
-കാലം - റാബി
-മണ്ണ് - നീർവാർച്ചയുള്ള എക്കൽമണ്ണ്
-ഊഷ്മാവ് - 10° C മുതൽ 26° C വരെ
-മഴ - 75cm
-സവിശേഷത - ശൈത്യകാല വിളയായതിനാൽജലസേജനത്തെ ആശ്രയിച്ച് കൃഷിചെയ്യുന്നു. ഭക്ഷ്യവിളയിൽ രണ്ടാം സ്ഥാനം
-കൃഷി ചെയ്യുന്ന സംസ്ഥാനങ്ങൾ - പഞ്ചാബ്, ഹരിയാന,ഹിമാചൽപ്രദേശ്, ഉത്തർപ്രദേശ് , മധ്യപ്രദേശ്

**ചോളം**
-കാലം - ഖാരിഫ്, റാബി
-മണ്ണ് - നീർവാർച്ചയുള്ള ഫലപുഷ്ടിയുള്ള മണ്ണ്.
-ഊഷ്മാവ് - സ്വാധീനിക്കുന്നില്ല.
-മഴ - 75cm
-സവിശേഷത - ഭക്ഷ്യവിളയിൽ മൂന്നാം സ്ഥാനം
-കൃഷി ചെയ്യുന്ന സംസ്ഥാനങ്ങൾ - ഉത്തർപ്രദേശ് , മധ്യപ്രദേശ് കർണാടകം, രാജസ്ഥാൻ.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

# ഗതാഗതം

## ഇന്ത്യയിലെ ജലഗതാഗതം

-ജലഗതാഗതത്തെ രണ്ടായി തിരിക്കാം.
-ഉൾനാടൻ ജലഗതാഗതം.
-സമുദ്രജലഗതാഗതം.

**ഉൾനാടൻ ജലഗതാഗതം.**
-നദികൾ, കായലുകൾ, കനാലുകൾ തുടങ്ങിയ ജലാശയങ്ങളെയാണ് ഉൾനാടൻ ജലഗതാഗതത്തിന്നായി ഉപയോഗപ്പെടുത്തുന്നത്.
**ജലഗതാഗതത്തിന്റെ മേന്മകൾ?**
-ഏറ്റവും ചെലവുകുറഞ്ഞ ഗതാഗതമാർഗം,
-വൻതോതിലുള്ള ചരക്ക് ഗതാഗതത്തിന് ഉചിതം,
-പരിസ്ഥിതി മലിനീകരണം കുറവ്,
-അന്താരാഷ്ട്രവ്യാപാരത്തിന് ഏറ്റവും യോജിച്ചത്.

**ഇന്ത്യയിൽ വൻതോതിൽ ഉൾനാടൻ ജലഗതാഗതത്തെ ആശ്രയിക്കുന്ന മേഖലകൾ**
-ഗംഗ-ബ്രഹ്മപുത്ര നദികളും പോഷകനദികളും,
-ഗോദാവരി-കൃഷ്ണ നദികളും പോഷകനദികളും,
-ആന്ധ്ര തമിഴ്നാട് പ്രദേശത്തെ ബക്കിങ്ഹാം കനാൽ,
-ഗോവയിലെ മണ്ഡോവി, സുവാരി നദികൾ,
-കേരളത്തിലെ കായലുകൾ.

**986 ൽ ഉൾനാടൻ ജലഗതാഗത അതോറിറ്റി രൂപംകൊണ്ടതിനു ശേഷം നിലവിൽവന്ന ദേശീയ ജലപാതകൾ.**
**ദേശീയജല പാത 1 (NW 1)** ഗംഗാനദിയിൽ അലഹാബാദ് മുതൽ ഹാൽഡിയ വരെ(1620 k.m)
**ദേശീയജല പാത 2 (NW 2)** ബ്രഹ്മപുത്ര നദിയിൽ സദിയ മുതൽ ധുബ്രി വരെ (891k.m)
**ദേശീയജല പാത 3 (NW 3)** കേരളത്തിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള പശ്ചിമതീര കനാലിൽ(205 k.m)
**ദേശീയജല പാത 4 (NW 4)** ഗോദാവരി -കൃഷ്ണനദികളുമായിചേർന്ന് കാക്കിനട മുതൽ പുതുച്ചേരിവരെയുള്ള കനാലിൽ(1095k.m)
**ദേശീയജല പാത 5 (NW 5)** പൂർവ്വതീര കനാലുമായി ബന്ധിപ്പിച്ചുള്ള ബ്രഹ്മണി -മഹാനദി ഡൽറ്റ നദീവ്യവസ്ഥയിൽ(623 k.m)

## ഇന്ത്യയിലെ തുറമുഖങ്ങൾ




BIJU K K SOCIAL SCIENCE, GHS TUVVUR

# ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും SS2- 9

## ഭാരതീയ റിസർവ് ബാങ്ക്

-ഇന്ത്യയുടെ കേന്ദ്ര ബാങ്ക് ആണ് ഭാരതീയ റിസർവ് ബാങ്ക്.
-ഈ സ്ഥാപനം സ്ഥാപിതമായത് 1935-ലാണ്.
-മുംബൈ ആണ് ഭാരതീയ റിസർവ് ബാങ്കിന്റെ ആസ്ഥാനം.

## റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ.

-നോട്ട് അച്ചടിച്ചിറക്കൽ.
-വായ്പ നിയന്ത്രിക്കൽ.
-സർക്കാരിൻെറ ബാങ്ക്.
-ബാങ്കുകളുടെ ബാങ്ക് എന്നിവയെല്ലാമാണ് സ്റ്റേറ്റ് ബാങ്കിന്റെ ധർമ്മങ്ങൾ.

**സർവ് ബാങ്ക് നോട്ട് അടിച്ചിറക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക.**
-ഇന്ത്യയിൽ ഒരു രൂപ ഒഴികെയുള്ള എല്ലാ നോട്ടുകളും അച്ചടിച്ചിറക്കുന്നത് ഭാരതീയ റിസർവ് ബാങ്ക് ആണ്.
-ഒരു രൂപ നോട്ടും അനുബന്ധ നാണയങ്ങളും അടിച്ചിറക്കുന്നത് കേന്ദ്ര ധനകാര്യ വകുപ്പാണ്.
-നോട്ട് അടിക്കുന്നത് നിശ്ചിത മൂല്യം വരുന്ന സ്വർണമോ വിദേശനാണ്യശേഖരമോ കരുതലായി സൂക്ഷിക്കുന്നു.

**റിസർവ് ബാങ്ക് വായ്പ നിയന്ത്രിക്കുന്നത് എങ്ങനെ എന്ന് വ്യക്തമാക്കുക**
-വായ്പയുടെ നിയന്ത്രണം റിസർവ് ബാങ്കിന്റെ പ്രധാന ചുമതലയാണ്.
-പലിശ നിരക്കിൽ മാറ്റം വരുത്തിയാണ് ഇത് സാധിക്കുന്നത്.
-പലിശനിരക്ക് കൂടുമ്പോൾ വായ്പയുടെ അളവ് കുറയുന്നു.
-പലിശനിരക്ക് കുറയുമ്പോൾ വായ്പയുടെ അളവ് കൂടുന്നു.
-ഭാരതീയ റിസർവ് ബാങ്ക് നോട്ട് അച്ചടിച്ച വിതരണം ചെയ്യുക വഴിയോ വായ്പ വഴിയോ ആണ് ഇന്ത്യയുടെ സമ്പത്ത് വ്യവസ്ഥയിൽ പണലഭ്യത വർദ്ധിക്കുന്നത്.

**ഭാരതീയ റിസർവ് ബാങ്ക് സർക്കാരിന്റെ ബാങ്കായി പ്രവർത്തിക്കുന്നതെങ്ങനെ?**
-കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ ബാങ്കായി പ്രവർത്തിക്കുക എന്നത് റിസർവ് ബാങ്കിന്റെ ധർമ്മമാണ്.
-കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും അവർക്ക് വായ്പ നൽകുകയും മറ്റ് ബാങ്കിംഗ് സേവനങ്ങൾ നൽകുകയും ചെയ്യുന്നത് റിസർവ് ബാങ്ക് ആണ്.
-സർക്കാരുകൾക്കായി ചെയ്യുന്ന സേവനങ്ങൾക്ക് ഭാരതീയ റിസർവ് ബാങ്ക് യാതൊരു പ്രതിഫലവും വാങ്ങുന്നില്ല.

**റിസർവ് ബാങ്ക് ബാങ്കുളുടെ ബാങ്കായി പ്രവർത്തിക്കുന്നതെങ്ങനെ?**
-എല്ലാ ബാങ്കുകളുടെയും അമരക്കാരനാണ് റിസർവ് ബാങ്ക്.
-ബാങ്കുകളുടെ പ്രവർത്തനങ്ങളെ സഹായിക്കുകയും ബാങ്കുകൾക്ക് ഉപദേശം നൽകുകയും ചെയ്യുക എന്നത് റിസർവ് ബാങ്കിന്റെ ധർമ്മമാണ്.
-റിസർവ് ബാങ്ക് എല്ലാ ബാങ്കുകളുടെയും പണ സംബന്ധമായ കാര്യങ്ങളുടെ അവസാന ആശ്രയമായി പ്രവർത്തിക്കുന്നു.

## വാണിജ്യ ബാങ്കുകളുടെ ധർമ്മങ്ങൾ

-നിക്ഷേപങ്ങൾ സ്വീകരിക്കൽ,
-വായ്പകൾ നൽകൽ,
-മറ്റു സൗകര്യങ്ങൾ നൽകൽ,
-സേവനങ്ങൾ നൽകൽ.

**വാണിജ്യബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾ ഏവ?**

-സമ്പാദ്യ നിക്ഷേപം, -പ്രചലിത നിക്ഷേപം,
-സ്ഥിരനിക്ഷേപം, -ആവർത്തിത നിക്ഷേപം.

**സമ്പാദ്യ നിക്ഷേപത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.**
-പൊതുജനങ്ങൾക്ക് അവരുടെ സമ്പാദ്യം നിക്ഷേപിക്കാൻ സഹായിക്കുന്ന പദ്ധതിയാണിത്.
-ഈ നിക്ഷേപത്തിന് ബാങ്കുകൾ കുറഞ്ഞ പലിശ നൽകുന്നു.
-നിയന്ത്രണങ്ങൾക്കു വിധേയമായി നിക്ഷേപകന് ഈ നിക്ഷേപത്തിൽ നിന്നും പണം പിൻവലിക്കാം.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

-ഒരു കാലയളവിൽ എത്രപ്രാവശ്യം പണം പിൻവലിക്കാൻ കഴിയുമെന്നും എത്ര രൂപ പിൻവലിക്കാൻ കഴിയുമെന്നുമുള്ള കാര്യത്തിൽ പല ബാങ്കുകളും പല രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.
-നിക്ഷേപകന്റെ ബാങ്ക് ഇടപാടുകൾ രേഖപ്പെടുത്തിയ പാസ്ബുക്ക് നിക്ഷേപകന് നൽകുന്നു.

**പ്രചലിത നിക്ഷേപത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.**
-ഒരുദിവസം തന്നെ ധാരാളം പ്രാവശ്യം പണം നിക്ഷേപിക്കാനും, പിൻവലിക്കാനും സൗകര്യം നൽകുന്ന നിക്ഷേപമാണിത്.
-വ്യവസായികളും വ്യാപാരികളും ആണ് ഇത്തരം നിക്ഷേപങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത്.
-ഇത്തരം നിക്ഷേപത്തിന് പലിശ ലഭിക്കുകയില്ല.

**സ്ഥിരനിക്ഷേപത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.**
-വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നിശ്ചിത കാലയളവിലേക്ക് പണം ബാങ്കിൽ നിക്ഷേപിക്കാൻ യോജിച്ചതാണ് സ്ഥിര നിക്ഷേപങ്ങൾ.
-നിക്ഷേപത്തിന് കാലാവധി അടിസ്ഥാനമാക്കിയാണ് പലിശനിരക്ക് നിശ്ചയിക്കുന്നത്.
-നിശ്ചിത കാലാവധിക്ക് മുൻപ് പണം പിൻവലിച്ചാൽ പലിശ നിരക്ക് കുറയും.

**ആവർത്തന നിക്ഷേപം സവിശേഷതകൾ കുറിപ്പാക്കുക.**
-ഒരു നിശ്ചിത തുക വീതം ഒരു നിശ്ചിത കാലയളവിലേക്ക് എല്ലാമാസവും നിക്ഷേപിക്കുന്നതാണ് ആവർത്തന നിക്ഷേപം.
-സമ്പാദ്യ നിക്ഷേപത്തെക്കാൾ കൂടിയ പലിശനിരക്ക് ഈ നിക്ഷേപത്തിന് ലഭിക്കും.
-സ്ഥിരനിക്ഷേപത്തിന് ലഭിക്കുന്ന പലിശയെക്കാൾ കുറവായിരിക്കും ആവർത്തന നിക്ഷേപത്തിൽ ലഭിക്കുന്ന പലിശ.
-നിക്ഷേപത്തുക കാലാവധി തീരുന്നതിനു മുൻപ് പിൻവലിച്ചാൽ പലിശ നിരക്ക് കുറയും.

**ബാങ്കുകൾ വായ്പകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഏവ?**
-പൊതുജനങ്ങളിൽ നിന്നും നിക്ഷേപമായി സ്വീകരിക്കുന്ന തുകയാണ് പൊതുവേ ബാങ്ക് വായ്പയായി നൽകുന്നത്.
-നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശയെക്കാൾ കൂടുതലായിരിക്കും വായ്പകളുടെ പലിശനിരക്ക്.
-വായ്പാകാലാവധി, വായ്പയുടെ ആവശ്യം എന്നിവയ്ക്കനുസരിച്ച് വായ്പയുടെ പലിശ നിരക്കിൽ വ്യത്യാസം വരും.
-ബാങ്കുകൾ വായ്പ അനുവദിക്കുന്നത് ഏതെങ്കിലും ഒരു ഈട് സ്വീകരിച്ചുകൊണ്ടാണ്.
-സ്വർണ്ണം, വസ്തുവിന്റെ ആധാരം മുതലായ ഭൗതിക ആസ്തികളും; സ്ഥിരനിക്ഷേപ പത്രങ്ങൾ, ശമ്പള പത്രം എന്നിവയെല്ലാം ബാങ്കുകൾ ഈടായി സ്വീകരിക്കാറുണ്ട്.

**വാണിജ്യ ബാങ്കുകൾ നൽകുന്ന വായ്പകൾ.**
-പണ-വായ്പാ
-ഓവർ ഡ്രാഫ്റ്റ് എന്നിവയാണ് വാണിജ്യ ബാങ്കുകൾ നൽകുന്ന വായ്പകൾ.

**എന്താണ് പണ-വായ്പാ? ഏതെല്ലാം ആവശ്യങ്ങൾക്കാണ് ബാങ്കുകൾ പണ-വായ്പ നൽകുന്നത്?**
-ഈടുകൾ സ്വീകരിച്ച് ബാങ്കുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന വായ്പയാണ് പണവായ്പാ
-കൃഷി ആവശ്യങ്ങൾ, വ്യവസായ ആവശ്യങ്ങൾ, വീട് നിർമാണം,
വാഹനങ്ങൾ വാങ്ങാൻ, വീട്ടുപകരണങ്ങൾ വാങ്ങാൻ മുതലായവയ്ക്ക് ബാങ്കുകൾ പണ -വായ്പ നൽകുന്നു.

**ഓവർ ഡ്രാഫ്റ്റ് കുറിപ്പ് തയ്യാറാക്കുക.**
-വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിൽ ഉള്ള തുകയേക്കാൾ കൂടുതൽ പണം പിൻവലിക്കാനുള്ള അവസരമാണ് ഓവർ ഡ്രാഫ്റ്റ്
-ബാങ്കുമായി തുടർച്ചയായി ഇടപാടുകൾ നടത്തുന്ന വ്യക്തികൾക്കാണ് ബാങ്ക് ഈ സൗകര്യം നൽകുക.
-പ്രചലിത നിക്ഷേപം ഉള്ളവർക്കാണ് ഈ അവസരം നൽകുന്നത്.
-അധികമായി പിൻവലിച്ച തുകയ്ക്ക് ബാങ്ക് പലിശ ഈടാക്കും.

## ബാങ്കിംഗ് രംഗത്തെ നൂതനപ്രവണതകൾ
-ഇലക്ട്രോണിക് ബാങ്കിംഗ്
-കോർബാങ്കിംഗ് എന്നിവയാണ് ബാങ്കിംഗ് രംഗത്തെ നൂതന പ്രവണതകൾ.

**എന്താണ് ഇലക്ട്രോണിക് ബാങ്കിങ്?**
-നെറ്റ് ബാങ്കിങ്ങിലൂടെയും ടെലിബാങ്കിംഗിലൂടെയും എല്ലാവിധ ഇടപാടുകളും നടത്താൻ കഴിയുന്ന രീതിയാണ് ഇലക്ട്രോണിക് ബാങ്കിംഗ്.
-എല്ലാസമയത്തും ബാങ്കിംഗ്,
-എല്ലായിടത്തും ബാങ്കിംഗ്,
-നെറ്റ് ബാങ്കിംഗ്,

BIJU K K HSA SOCIAL SCIENCE, GHS TUVVUR

-മൊബൈൽ ഫോണിലൂടെയുള്ള ബാങ്കിംഗ് എന്നിവയെല്ലാം ഇലക്ട്രോണിക് ബാങ്കിങ്ങിന്റെ ഭാഗമാണ്.
-ഇതിന് ബാങ്ക് ഉപകരണങ്ങളുടെയും ഉദ്യോഗസ്ഥരുടെയും സഹായം ആവശ്യമില്ല.
-ബാങ്ക് അക്കൗണ്ടും നെറ്റ് ബാങ്കിംഗ് സൗകര്യവും മാത്രം മതി.

**നെറ്റ് ബാങ്കിംഗ് കൊണ്ടുള്ള ഗുണങ്ങൾ?**
-വീട്ടിൽനിന്നുതന്നെ ലോകത്തെവിടെയും പണം അയക്കാനും ബില്ലുകൾ അടയ്ക്കാനും കഴിയും.
-ഇതിന് കുറഞ്ഞ സമയം മതിയാകും. -ഇതിനുള്ള സർവീസ് ചാർജ് കുറവാണ്.

**കോർബാങ്കിംഗ് എന്താണ്?**
-ഇലക്ട്രോണിക് ബാങ്ക് വഴിയുള്ള ഏറ്റവും പ്രധാനപ്പെട്ട സൗകര്യമാണ് കോർ ബാങ്കിങ്.
-എല്ലാ ബാങ്കുകളുടെയും ശാഖകൾ ഒരു സെൻട്രൽ സെർവറിന്റെ കീഴിൽ കൊണ്ടുവന്ന് ബാങ്ക് സേവനങ്ങൾ ഒരു ബാങ്കിൽ നിന്നും മറ്റൊരു ബാങ്കിലേക്ക് സാധ്യമാകുന്ന തരത്തിൽ ക്രമീകരിച്ചിട്ടുള്ള ഒരു സൗകര്യമാണ് കോർബാങ്കിംഗ്.

**കോർബാങ്കിങ് കൊണ്ടുള്ള ഗുണങ്ങൾ?**
-കോർ ബാങ്കിംഗ് വഴി എടിഎം, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ്, ടെലി ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് എന്നിവയെല്ലാം ഒരു കുടക്കീഴിൽ വന്നു.
-ബാങ്ക് ഇടപാടുകൾ ലളിതമായി.
-ഒരു സ്ഥലത്തുള്ള ഒരു വ്യക്തിക്ക് തന്റെ ബാങ്കക്കൗണ്ടിൽ നിന്നും പണം മറ്റൊരു സ്ഥലത്തുള്ള സുഹൃത്തിന്റെ ബാങ്കിലെ അക്കൗണ്ടിലേക്ക് അയക്കാൻ കഴിയും.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

# ഉപഭോക്താവ്സംതൃപ്തിയും സംരക്ഷണവുംSS2-10

## 1986 -ലെ ഉപഭോക്തൃസംരക്ഷണ നിയമം

-ഉപഭോക്താവിന്റെ അവകാശങ്ങൾ സ്പഷ്ടമായി നിർവചിക്കുകയും ഉപഭോക്തൃ സംരക്ഷണത്തിനായി ഇന്ത്യയിൽ പ്രത്യേക നീതിന്യായ സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്യതാണ് 1986 ലെ ഉപഭോക്തൃസംരക്ഷണ നിയമത്തിന്റെ ഫലങ്ങൾ.
-ഉപഭോക്തൃകോടതികൾ സ്ഥാപിക്കപ്പെട്ടത് ഈ നിയമത്തിന്റെ ഫലമായിട്ടാണ്.

**1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം അനുശാസിക്കുന്ന ഉപഭോക്താക്കളുടെ അവകാശങ്ങൾ ഏവ?**

-ജീവനും സ്വത്തിനും ഹാനികരമാകുന്ന സാധനങ്ങൾ വിപണനം ചെയ്യുന്നതിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതിനുള്ള അവകാശം.
-സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം.
-ന്യായവിലയ്ക്ക് സാധനവും സേവനവും ലഭിക്കാനുള്ള അവകാശം.
-അധികാരികളുടെ മുമ്പിൽ തർക്കങ്ങൾക്ക് പരിഹാരം തേടാനുള്ള അവകാശം.
-ഉപഭോക്തൃവിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം.

**എന്താണ് ഉപഭോക്തൃ കോടതികൾ?**

-ഉപഭോക്താവിന് ഉത്പാദകരിൽ നിന്നും വിതരണക്കാരിൽ നിന്നും തൃപ്തികരമല്ലാത്ത അനുഭവങ്ങൾ ഉണ്ടാകുമ്പോൾ നിയമപരമായി സഹായിക്കാൻ ചുമതലപ്പെട്ട സംവിധാനമാണ് ഉപഭോക്തൃ കോടതികൾ.
-ഉപഭോക്തൃ തർക്കങ്ങളിൽ ഇടപെട്ട് നഷ്ടപരിഹാരം ഉൾപ്പെടെ ഉപഭോക്താവിന് നീതി ലഭ്യമാക്കുന്നതിൽ ഉപഭോക്തൃ കോടതികൾ നിർണായക പങ്കുവഹിക്കുന്നു.
-ഉപഭോക്താക്കളിൽ ആത്മവിശ്വാസം സൃഷ്ടിക്കുകയും ജീവിതത്തിൽ ഗുണപരമായ മാറ്റം വരുത്തുകയും ചെയ്യുന്നതിന് ഉപഭോക്തൃ കോടതികൾക്ക് കഴിയും

**ഇന്ത്യയിലെ ത്രിതല ഉപഭോക്തൃ കോടതികൾ.**

| കോടതികൾ | ഘടന | അധികാരം |
|---|---|---|
| -ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറം. | -ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന<br>-പ്രസിഡൻറും 2 അംഗങ്ങളും.<br>-ഒരംഗമെങ്കിലും വനിത. | -20 ലക്ഷം രൂപവരെയുള്ള ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്താവിന്റെ പരാതി സ്വീകരിച്ച് തെളിവെടുപ്പ് നടത്തി തീർപ്പ് കൽപ്പിക്കുന്നു. |
| -സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മിഷൻ. | -സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നു.<br>-പ്രസിഡണ്ടും 2 അംഗങ്ങളും.<br>-ഒരംഗമെങ്കിലും വനിത.<br>-കൂടുതൽ അംഗങ്ങളെ നിയമിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. | -20 ലക്ഷം രൂപയ്ക്ക് മുകളിൽ ഒരു കോടി വരെയുള്ള തർക്കങ്ങളിൽ തീർപ്പ് കൽപ്പിക്കുന്നു. |
| -ദേശീയ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ. | -ദേശീയതലത്തിൽ പ്രവർത്തിക്കുന്നു.<br>-പ്രസിഡൻറും നാലിൽ കുറയാത്ത അംഗങ്ങളും. | -ഒരു കോടി രൂപയ്ക്ക് മുകളിൽ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന തർക്കങ്ങളിൽ തീർപ്പ് കൽപ്പിക്കുന്നു. |

**ഉപഭോക്തൃ കോടതികളുടെ പ്രധാനസവിശേഷതകൾ.(സാധാരണ കോടതിയിൽ നിന്നും ഉപഭോക്തൃ കോടതികളുടെ വ്യത്യാസങ്ങൾ)**
-നടപടിക്രമങ്ങൾ ലളിതമാണ്.
-അതിവേഗം നീതി ഉറപ്പുവരുത്തുന്നു.
-വ്യവഹാര ചിലവ് വളരെ കുറവ്.

**ഉപഭോക്തൃ തർക്കങ്ങളിൽ പരാതി നൽകാവുന്ന സന്ദർഭങ്ങൾ ഏവ?**

BIJU ... SOCIAL SCIENCE GHS TUVVUR

-വിലക്കുവാങ്ങിയ സാധനത്തിന് കേടുപാടുകൾ അല്ലെങ്കിൽ പോരായ്മകൾ സംഭവിക്കുക.
-വിവിധ സർക്കാർ സർക്കാരേതര സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച സേവനത്തിന് പോരായ്മകൾ ഉണ്ടാവുക.
-നിയമാനുസൃതം രേഖപ്പെടുത്തിയിട്ടുള്ളതോ നിർണയിക്കപ്പെട്ടിട്ടുള്ളതോ ആയ വിലയേക്കാൾ കൂടുതൽ തുക ഈടാക്കുക.
-മായം ചേർക്കൽ നിരോധനനിയമംലംഘിക്കുക.
-ജീവന് ഹാനികരമായതോ സുരക്ഷിതമല്ലാത്തതോ ആയ സാധനങ്ങൾ വിൽക്കുക.
-ന്യായ രഹിതവും ഉപഭോക്താവിന്റെ സ്വാതന്ത്ര്യത്തെ പരിമിത പ്പെടുത്തുന്നതുമായ വ്യാപാര നടപടികൾ മൂലം നഷ്ടം ഉണ്ടാവുക.
-വിൽപ്പന ത്വരിതപ്പെടുത്തുന്നതിന് വേണ്ടി തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുക.

**ഉപഭോക്തൃ തർക്കങ്ങളിൽ ഉപഭോക്തൃ കോടതികൾ വഴി ലഭിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ ഏവ?**
-പകരം സാധനം നൽകൽ,
-നൽകിയ പണം (അധികമായി ഈടാക്കിയ പണം) തിരിച്ച് നൽകൽ,
-നഷ്ടം നികത്തുന്നതിനുള്ള തുക ലഭ്യമാക്കൽ,
-സേവനത്തിലെ കോട്ടങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശം നൽകൽ,
-ദോഷകരമായ വ്യാപാര നടപടികൾ നിർത്തലാക്കൽ,
-ഹാനികരമായ ഭക്ഷ്യവസ്തുക്കളുടെ വില്പന നിരോധിക്കൽ,
-പരാതി ചെലവ് ലഭ്യമാക്കൽ.

## ഭരണതലെ സംവിധാനങ്ങൾ

**ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളും സ്ഥാപനങ്ങളും.**

| വകുപ്പുകളും സ്ഥാപനങ്ങളും | പ്രവർത്തനം |
|---|---|
| -ലീഗൽ മെട്രോളജി വകുപ്പ് | -അളവ് തൂക്ക നിലവാരം ഉറപ്പുവരുത്തുന്നു. |
| -ഭക്ഷ്യസുരക്ഷാ വകുപ്പ് | -ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നു. |
| -കേന്ദ്ര ഔഷധവില നിർണയ കമ്മിറ്റി | മരുന്നുകളുടെ വില നിയന്ത്രിക്കുന്നു. |
| -ഡ്രഗ്സ് കൺട്രോൾ വകുപ്പ് | -മരുന്നുകളുടെ ഗുണമേന്മ, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നു. |
| -ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ | -ഉൽപ്പാദനം, വിതരണം, സംഭരണം, വിൽപ്പന, ഇറക്കുമതി തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നു. |

# ALL THE BEST

**9778300200**

BIJU K K, HSA SOCIAL SCIENCE, GHS TUVVUR